# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.22 | No.10 | കാർത്തികപ്പള്ളി | R.No. 7361/02 | 2022 OCTOBER

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## സിന്തറ്റിക് ഭ്രൂണം



ജറുസലേം: അണ്ഡം, ബീജം എന്നിവയില്ലാതെ ഭ്രൂണം നിർമ്മിച്ചെടുത്ത് ഇസ്രയേലി ശാസ്ത്രജ്ഞർ. മൂലകോശങ്ങളെ ഭ്രൂണമാക്കി മാറ്റിയത് ഇസ്രയേലിലെ വെയ്ൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞരാണ്. എലികളിലെ മൂലകോശം ഉപയോഗിച്ച് കുടലും തലച്ചോറും മിടിക്കുന്ന ഹൃദയവുമുള്ള ഭ്രൂണരൂപങ്ങൾ വികസിപ്പിച്ചെടുക്കാനാകുമെന്നാണു കണ്ടെത്തൽ. 3ഡി ബയോ പ്രിന്റർ എന്ന ലക്ഷ്യത്തിലേക്ക് ശാസ്ത്രലോകം ഒരു പടി കൂടി അടുത്തതായി ഗവഷണ സംഘാംഗമായ പ്രൊഫ. ജേക്കബ് ഹന്ന അറിയിച്ചു.

ഇത്തരം ഭ്രൂണത്തെ സിന്തറ്റിക് ഭ്രൂണമെന്നാണു വിശേഷിപ്പിക്കുന്നത്. ബീജസങ്കലനം നടത്തിയ അണ്ഡങ്ങൾ ഉപയോഗിക്കാതെ നിർമ്മിച്ചതിനാലാണ് ഈ വിശേഷണം. സ്വാഭാവിക ഭ്രൂണങ്ങളുടെ വികാസ സമയത്ത് അവയവങ്ങളും പേശികളും എങ്ങനെ രൂപപ്പെടുന്നു എന്നതിനെക്കുറിച്ച് മനസിലാക്കാൻ ഗവേഷണം സഹായമാകും. ഭാവിയിൽ മനുഷ്യരിൽ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സിന്തറ്റിക് ഭ്രൂണങ്ങൾ സഹായകമാകും. എന്നാൽ, ഇതു യാഥാർഥ്യമാകാൻ ഇനിയും വർഷങ്ങൾ വേണ്ടിവരും. എലികളുടെ ഭ്രൂണത്തെ അപേക്ഷിച്ചു മനുഷ്യ ഭ്രൂണങ്ങൾ കൂടുതൽ സങ്കീർണമാണെന്നതാണു കാരണം. മനുഷ്യ ഭ്രൂണം ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾക്കും നിയന്ത്രണമുണ്ട്. സിന്തറ്റിക് ഭ്രൂണത്തിന് ഒരു ജീവിയായി വളരാനുള്ള ശേഷിയില്ലെന്ന് പ്രൊഫ. ഹന്ന പറഞ്ഞു.

## സൂര്യന്റെ അന്ത്യം





ജനനമുണ്ടെങ്കിൽ മരണവുമുണ്ടാകുമെന്നാണ് പൊതുവേയുള്ള ഒരു വിശ്വാസം. ഇന്ന് നാം കാണുന്നതെല്ലാം എന്നെങ്കിലും ഒരിക്കൽ നശിക്കുമെന്ന് ഭൂരിഭാഗം പേരും വിശ്വസിക്കുന്നു. ഇങ്ങനെയാണെങ്കിൽ സൂര്യനും ഒരുനാൾ ഇല്ലാതാകില്ലേ? സൂര്യന് ഇനി എത്രകാലം കൂടി ആയുസുണ്ടെന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയാണ് യൂറോപ്യൻ സ്പേസ് ഏജൻസിയിലെ ജ്യോതിശാസ്ത്രജ്ഞർ. സൂര്യൻ ഇപ്പോൾ മധ്യവയസിലെത്തിയെന്നാണ് ഈ ശാസ്ത്രജ്ഞരുടെ കണ്ടെത്തൽ. സൂര്യന് പ്രായമാകുകയാണെന്ന് ഒട്ടേറെ പഠനങ്ങൾ പറയുന്നുണ്ടെങ്കിലും യൂറോപ്യൻ സ്പേസ് ഏജൻസിയിലെ ഒരു കൂട്ടം ഗവേഷകരാണ് സൂര്യന്റെ ഭൂതകാലത്തെയും ഭാവിയേയും വയസിനേയും കുറിച്ച് വിശദമായ അന്വേഷണങ്ങൾ നടത്തിയത്. സൂര്യന് 4.57 ബില്യൺ വയസ് പ്രായമുണ്ടെന്നാണ് യൂറോപ്യൻ സ്പേസ് ഏജൻസിയുടെ കണ്ടെത്തൽ, അതായത് 4,570,000,000 വയസ്. സൂര്യനിപ്പോൾ തന്റെ സ്വസ്ഥമായ മധ്യവയസിലാണെന്ന് ഇ.എസ്.എ തയാറാക്കിയ പഠനത്തിൽ പറയുന്നു. മധ്യവയസിലെത്തിയ സൂര്യന് നിരവധി ബില്യൺ വർഷങ്ങൾ ഇതുപോലെ തുടരാൻ കഴിയുമെന്നാണ് പഠനം പറയുന്നത്. എന്നാൽ ഒരുനാൾ സൂര്യനും മരിക്കും. ഇപ്പോൾ സ്ഥിരത നിലനിർത്തുകയും ഹൈഡ്രജനെ ഹീലിയത്തിലേക്ക് സംയോജിപ്പിക്കുന്ന പ്രക്രിയ തുടരുകയും ചെയ്യുന്ന സൂര്യൻ ഒരുനാൾ ഇന്ധനം തീർന്ന് ഒരു ചുവന്ന ഭീമനായി മാറുമെന്ന് ഇഎസ്എയുടെ പഠന റിപ്പോർട്ട് പറയുന്നു.

സൂര്യന്റെ കാമ്പിലെ ഹൈഡ്രജൻ ഇന്ധനം തീർന്നുപോകുമ്പോഴാണ് സൂര്യൻ മരിക്കുകയെന്ന് പഠനം പറയുന്നു. ഇന്ധനം തീരുന്നതോടെ സൂര്യന്റെ ഉപരിതലത്തിലെ താപനില കുറയുന്നു. ഇത് സൂര്യന്റെ അന്ത്യത്തിന് വഴിയൊരുക്കുമെന്നാണ് പഠനം പറയുന്നത്. സൂര്യന്റെ പ്രവർത്തനം നിലയ്ക്കുമെന്നും സൂര്യൻ ഇരുണ്ടുപോകുമെന്നും ബൈബിൾ യുഗങ്ങൾക്കു മുൻപേ വ്യക്തമാക്കിയിട്ടുണ്ട്. (മത്താ.24:29; യെഹ.32:7; യോവേ.2:31; യെശ.13:10).

## തുർക്കി അല്ല, തുർക്കിയെ



തുർക്കി എന്ന രാജ്യത്തിന്റെ പേര് മാറ്റി തുർക്കിയെ (Turkiye) എന്നാക്കി. യു.എൻ. രേഖകളിലും ഇനി പുതിയ പേരാവും ഉണ്ടാവുക. തുർക്കി ഭരണകൂടത്തിന്റെ അഭ്യർഥനയെത്തുടർന്നാണ് ഐക്യരാഷ്ട്ര സഭ ഈ പേരിന് അംഗീകാരം നൽകിയത്.

രാജ്യത്തിന്റെ പേര് ഇംഗ്ളീഷിൽ എഴുതുമ്പോൾ Turkey എന്നാണല്ലോ. ഇത് ടർക്കി കോഴിയുടെ പേരുമായി സാമ്യം വരുന്നതാണ് പേര് മാറ്റത്തിന്റെ ഒരു കാരണം. കേംബ്രിഡ്ജ് ഡിക്ഷണറിയിൽ തുർക്കിക്ക് അർഥം കൊടുത്തിരിക്കുന്നത് 'മണ്ടൻ' (Turkey a 'stupid person' or 'failures') എന്നായതും മറ്റൊരു കാരണമായി പറയുന്നു. തുർക്കി ഭാഷയിൽ പേര് എഴുതുന്നതും ഉച്ചരിക്കുന്നതും 'തുർക്കിയെ' എന്നാണ്. കഴിഞ്ഞ ഡിസംബർ മുതൽ രാജ്യത്ത് ഉൽപന്നങ്ങൾക്കുമേൽ പതിക്കുന്ന മുദ്രയിൽ തുർക്കിയെ എന്നായിരിക്കണം രേഖപ്പെടുത്തേണ്ടതെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു.

അതിനുശേഷം രാജ്യത്തുനിന്ന് കയറ്റുമതി ചെയ്യുന്ന എല്ലാ ഉൽപന്നങ്ങളിലും 'മെയ്ഡ് ഇൻ തുർക്കിയെ' എന്ന് ചേർക്കാറുണ്ട്. ജനുവരി മുതൽ 'ഹലോ തുർക്കിയെ' എന്നപേരിൽ ടൂറിസം ക്യാമ്പയ്നും ആരംഭിച്ചിട്ടുണ്ട്.

## സസ്യങ്ങളിൽ നിന്ന് 3 ഡി പ്രിന്റഡ് ഇറച്ചി


3ഡിയിൽ പ്രിന്റു ചെയ്യുന്ന സസ്യങ്ങളിൽ നിന്നും നിർമ്മിക്കുന്ന ഇറച്ചിയുമായി ഇസ്രയേലി സ്റ്റാർട്ട് അപ്പായ സാവർഈറ്റ്. പോർക്കിന്റേയും ടർക്കിയുടേയും ഇറച്ചിക്ക് സമാനമായ രുചിയുള്ള ഭക്ഷണമാണ് ഇവർ പുതുതായി പുറത്തിറക്കിയിരിക്കുന്നത്. ഭക്ഷണം പാകം ചെയ്യാനും വിളമ്പാനും സ്വന്തം റോബോട്ടിനേയും സാവർഈറ്റ് വികസിപ്പിച്ചെടുത്തിട്ടുണ്ട്.



സസ്യങ്ങളിൽ നിന്നുള്ള പോർക്കിനേയും ടർക്കിയേയും അമേരിക്കൻ വിപണി ലക്ഷ്യമാക്കിയാണ് നിർമ്മിച്ചിരിക്കുന്നതെന്ന് സാവർഈറ്റ് സഹസ്ഥാപകയും സിഇഒയുമായ റേചേലി വിസ്മാൻ പറഞ്ഞു. അമേരിക്കൻ വിപണിയെക്കുറിച്ചുള്ള ഏറെ പഠനങ്ങൾക്കു ശേഷമാണ് പോർക്കിന്റേയും ടർക്കിയുടേയും വിഭവങ്ങൾ തന്നെ നിർമ്മിക്കാൻ സാവർഈറ്റ് തീരുമാനിച്ചത്. ഈ വർഷം അവസാനത്തോടെ സോഡെക്സോയുമായി സഹകരിച്ച് ഈ മാംസത്തിന്റെ രുചിയുള്ള സസ്യഭക്ഷണങ്ങൾ അമേരിക്കൻ വിപണിയിലേക്ക് എത്തിക്കാനാണ് ഇവരുടെ പദ്ധതി. അമേരിക്കയിലെ കോളജുകളിലും സർവ്വകലാശാലകളിയുമായിരിക്കും സോഡെക്സോ ഈ വിഭവങ്ങളെത്തിക്കുക.

സസ്യങ്ങളിൽ നിന്നും അനുയോജ്യമായ മാംസരുചികൾ തിരഞ്ഞെടുത്തത് പ്രൊഫ. ഓഡെഡ് ശോസെയോവും പ്രൊഫ. ഇഡോ ബ്രാസ്ലെവ്സ്കിയും ചേർന്നാണ്. ജറുസലേമിലെ ഹീബ്രു സർവ്വകലാശാലയിലെ ഗവേഷകരാണിവർ. 2018 മുതൽ ഇവർ സാവർഈറ്റിന്റെ ഭാഗമാണ്. തങ്ങളുടെ മെനുവിലുള്ള ഭക്ഷണങ്ങൾ പാകം ചെയ്യുന്നതിന് ഒരു റോബോട്ട് ഷെഫിനേയും സാവർഈറ്റ് നിർമ്മിച്ചിട്ടുണ്ട്. വാഷിങ്മെഷീന്റെ വലുപ്പമുള്ള ഈ റോബോട്ടിന് വിഭവങ്ങൾക്കനുസരിച്ച് മാംസ്യം, കൊഴുപ്പ്, സെല്ലുലോസ്, വെള്ളം, രുചികൾ, നിറങ്ങൾ എന്നിവയൊക്കെ ചേർക്കാനാകും.

## 'THE' ഇനി ഒഹായോയ്ക്






THE എന്ന വാക്കിന്റെ അവകാശം അമേരിക്കയിലെ ഒഹായോ സർവകലാശാല നേടി! അപ്പോൾ ഇനി സംസാരത്തിലും എഴുത്തിലുമൊന്നും THE ഉപയോഗിക്കാൻ പറ്റില്ലെന്നാണോ? അല്ലേയല്ല. ടീഷർട്ടിലും തൊപ്പിയിലുമൊക്കെ ലോഗോ പോലെ THE ഉപയോഗിക്കുന്നതിനാണ് ഒഹായോ അവകാശം നേടിയത്.

'ഒഹായോ സ്റ്റേറ്റ് യൂണിവേഴ്സിറ്റി' പണ്ട് OHU എന്ന ചുരുക്കപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ ഓറിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റി, ഒക്‌ലഹോമ സ്റ്റേറ്റ് യൂണിവേഴ്സിറ്റി തുടങ്ങി മറ്റ് OHU കളുമായി കൺഫ്യൂഷൻ ആകാൻ തുടങ്ങിയതോടെ അവർ THE Ohlyo State University എന്നു പറയാൻ തുടങ്ങി. കായിക ഇനങ്ങളിലും മറ്റും സർവകലാശാല ടീം പങ്കെടുക്കുമ്പോൾ പേരിലെ THE കൂടുതൽ പ്രചാരത്തിലായി. ടീം ജേഴ്സിയിലും തൊപ്പിയിലുമെല്ലാം THE സ്ഥാനംപിടിച്ചു.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |




# സുഗന്ധതൈലം



**"നല്ല പേർ സുഗന്ധതൈലത്തെക്കാളും മരണദിവസം ജനനദിവസത്തേക്കാളും ഉത്തമം." സഭാപ്രസംഗി. 7:1**

**ര**ണ്ടു ദിവസങ്ങൾക്കിടയിൽ ഒതുങ്ങി നില്ക്കുന്നു മനുഷ്യ ജീവിതം-ജനനദിവസത്തിനും മരണദിവസത്തിനും ഇടയിൽ. ഈ രണ്ടു ദിവസങ്ങളേയും ഒരൊറ്റ വാക്യത്തിൽ തളച്ചിട്ട സഭാപ്രസംഗി രണ്ടിനേയും താരതമ്യം ചെയ്ത ശേഷം ഒരു നിഗമനത്തിലെത്തുന്നു-മരണദിവസമാണ് ജനനദിവസത്തേക്കാൾ ഉത്തമം.

മരണത്തേക്കാൾ ജനനമാണ് എല്ലാവർക്കും ഇഷ്ടം. അതുകൊണ്ടുതന്നെ ജനനദിവസമല്ലേ മരണദിവസത്തേക്കാൾ ഉത്തമം? ഇതാണ് നമ്മുടെ ചിന്ത. എന്നാൽ സഭാപ്രസംഗിയുടെ ന്യായം മറ്റൊന്നാണ്; ജനനദിവസത്തിനും മരണദിവസത്തിനും ഇടയിൽ ഒരു ജീവിതത്തിന്റെ ദൈർഘ്യം ഉണ്ട്. ഈ ജീവിതകാലയളവുകൊണ്ട് ഒരു നല്ല പേർ സമ്പാദിക്കാൻ ഒരുവനു കഴിയും. നല്ല പേര് സുഗന്ധതൈലത്തേക്കാൾ നല്ലതാണുതാനും. അതുകൊണ്ടുതന്നെ ഒരു തുടക്കത്തിന്റെ കേവല സന്തോഷം മാത്രം കൈമുതലായുള്ള ജനനദിവസത്തേക്കാൾ എന്തുകൊണ്ടും ഉത്തമം ഒരു ധന്യ ജീവിതം പൂർണതയിലെത്തുന്ന മരണ ദിവസമാണ്?



ജീവിതംകൊണ്ട് ഒരു പേരു സമ്പാദിക്കുക-അത് എല്ലാവരും ചെയ്യുന്നുണ്ട്. ആ പേര് പിന്നിൽ അവശേഷിപ്പിച്ചിട്ടാണ് എല്ലാവരും ഈ ലോകം വിട്ടുപോകുന്നത്. പക്ഷേ അത് നല്ല പേര് ആണോ?

നല്ല പേര്-അതെന്താണ്? പലർക്കും വ്യത്യസ്താഭിപ്രായം ഉണ്ടാകും. എന്നാൽ ആത്യന്തികമായി നിത്യതയുടെ വെളിച്ചത്തിൽ നിലനിൽക്കുന്നത് മാത്രമാണ് യഥാർത്ഥത്തിൽ നല്ലത്. സഭാപ്രസംഗി, പണത്തിനും പ്രശസ്തിക്കും പിന്നാലെയുള്ള പരക്കം പാച്ചിലിനെ ഉപമിക്കുന്നത് 'കാറ്റിനെ പിടിക്കാൻ' പായുന്നതിനോടാണ്. കാറ്റിനെ പിൻതുടരുക-എത്ര നിരർത്ഥകമായ ഒരു ശ്രമം!

അമേരിക്കയിൽ കണക്ടിക്കട്ടിലെ ബ്രിഡ്ജ്പോർട്ടു സെമിത്തേരിയിൽ അടുത്തുള്ള രണ്ടു ശവക്കല്ലറകളുണ്ട്, ഒന്ന് സർക്കസിലൂടെ കോടീശ്വരനായിത്തീർന്ന പി.ടി.ബർണത്തിന്റേതാണ്. ജീവിച്ചിരിക്കുമ്പോൾ ഈ ഭൂമിയിൽ നിക്ഷേപം സ്വരൂപിച്ച ബർണത്ത് പുഴുവരിച്ചുപോയ തന്റെ നിക്ഷേപങ്ങളുമായി ആരാലും അറിയപ്പെടാതെ ആ മണ്ണിൽ ഉറങ്ങുന്നു. തൊട്ടടുത്തുള്ള കല്ലറ ഫാനിക്രോസ്ബിയുടേതാണ്. പിറന്നു വീണ് ആറാഴ്ചക്കുള്ളിൽ അന്ധയായിത്തീർന്ന ഫാനി. പക്ഷേ ദൈവത്തിനായി സമ്പൂർണമായി ജീവിതം സമർപ്പിച്ച ഫാനിക്രോസ്ബി തലമുറകൾ ഹൃദയപൂർവം ഏറ്റുപാടുന്ന എണ്ണായിരത്തിലേറെ ക്രിസ്തീയ ഭക്തിഗാനങ്ങളാണ് രചിച്ചത്. വിവിധ ഭാഷകളിലായി പത്തുകോടിയിലേറെ കോപ്പികൾ വിറ്റുപോയ ഗാനങ്ങളിലൂടെ അവർ ഇന്നും അനേക ഹൃദയങ്ങളെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്നു. ഉവ്വ്, നിത്യതയുടെ വെളിച്ചത്തിൽ നിലനിൽക്കുന്ന ജീവിതത്തിനു മാത്രമേ സുഗന്ധതൈലം പോലെ പരിമളം പരത്തുന്ന ഒരു പേര് അവശേഷിപ്പിക്കുവാൻ കഴിയൂ.

ഫാനിക്രോസ്ബിയുടെ കല്ലറയിൽ ബൈബിളിൽ നിന്നുള്ള ഒരു ചെറിയ വാചകം ആലേഖനം ചെയ്തിട്ടുണ്ട്-'അവൾ തന്നാൽ ആവതു ചെയ്തു' ബെഥാന്യയിൽ പരിമളതൈലം പൂശിയ സ്ത്രീയെക്കുറിച്ച് യേശു അഭിനന്ദനസൂചകമായി നടത്തിയ പ്രസ്താവനയാണിത് (മർക്കോസ് 14:8). ഫാനി ക്രോസ്ബി അവളുടെ ജീവിതം കൊണ്ട് ചെയ്തതും ഇതാണ്. അവൾ തന്നാൽ കഴിയുന്നത് യേശുവിനു വേണ്ടി ചെയ്തു. നമ്മിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നതും മറ്റൊന്നല്ല. 'നാം എവിടയാണോ അവിടെ, നമ്മുടെ പക്കൽ എന്തുണ്ടോ അതുകൊണ്ട്, നമുക്ക് എന്തുകഴിയുമോ, അത്'-ദൈവമുൻപാകെ, യേശുവിനോടുള്ള സ്നേഹത്തിൽ ചെയ്യുക.

ദൈവമുൻപാകെ ഈ നിലയിലുള്ള ജീവിതം നമുക്ക് വലിയ സ്വസ്ഥതയാണ് തരുന്നത്. ഈ ലോകം (അത് ക്രിസ്തീയ ലോകമായാലും) നാം ചെയ്യുന്നതിന്റെ വലിപ്പമാണ് (Quantity) നോക്കുന്നത്. ദൈവമാകട്ടെ അതിന്റെ ഗുണം (Quality) നോക്കുന്നു. നാം എന്ത് (What) ചെയ്യുന്നു എന്നാണ് മറ്റുള്ളവർ നോക്കുന്നത്. നാം എന്തുകൊണ്ട് (Why)അത് ചെയ്യുന്നു എന്നാണ് ദൈവം വീക്ഷിക്കുന്നത്.

നാം ദൈവത്തിനായി ചെയ്യുന്നതിന്റെ വലിപ്പവും വൈപുല്യവും ആയിരുന്നു ദൈവം കണക്കിലെടുക്കുന്നതെങ്കിൽ കഴിവും സാഹചര്യങ്ങളും ഉള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കൂടുതൽ സൗകര്യം ഉണ്ടായിരുന്നു. എന്നാൽ ഏതു പ്രവൃത്തിയുടേയും പിന്നിലുള്ള മനോഭാവവും ഉദ്ദേശ്യവുമാണ് ദൈവം കണക്കിലെടുക്കുന്നത് എന്നുള്ളതുകൊണ്ട് വലിപ്പച്ചെറുപ്പമില്ലാതെ എല്ലാവർക്കും ദൈവമുൻപാകെ തങ്ങളുടെ ജീവിതത്തെ ഒരു സൗരഭ്യവാസനയാക്കിത്തീർക്കാൻ തുല്യ അവസരമാണു ലഭിച്ചിരിക്കുന്നത്. രണ്ടു കാശിട്ട വിധവ 'എല്ലാവരേക്കാളും അധികം' ഇട്ടിരിക്കുന്നു (ലൂക്കോസ് 21:3) എന്ന് യേശു തീർപ്പ് കൽപിച്ചതിൽ നിന്ന് അവിടുന്ന് വലിപ്പത്തേക്കാൾ ഗുണത്തിന്റെ തോതിലാണ് കാര്യങ്ങളെ വിലയിരുത്തുന്നതെന്നു വ്യക്തമല്ലേ?

ആളുകളുടെ അഭിപ്രായങ്ങളെ കണക്കിലെടുക്കാതെ, പ്രവൃത്തികൾക്കു പിന്നിലുള്ള മനോഭാവങ്ങളെയും ലക്ഷ്യങ്ങളെയും സൂക്ഷിച്ച് ദൈവമുൻപാകെ നമ്മുടെ ജീവിതത്തെ ഒരു സൗരഭ്യവാസനയാക്കിത്തീർക്കാൻ കഴിയും എന്നത് എത്ര വലിയ കാര്യമാണ്. നമ്മുടെ ജീവിതം ഒരു സുഗന്ധതൈലംപോലെ പരിമളം പരത്തുമ്പോൾ നാം മറ്റു മനുഷ്യർക്കും (രക്ഷിക്കപ്പെടുന്നവർക്കും നശിക്കുന്നവർക്കും) ഒരു വാസന നൽകുന്നുണ്ടെന്നത് ശരിയാണ്. പക്ഷേ അവരുടെ അഭിപ്രായത്തിനോ മതിപ്പിനോ വേണ്ടിയല്ല നാം സൗരഭ്യവാസന പരത്തുന്നത് എന്ന് ഓർക്കണം. രക്ഷിക്കപ്പെടുന്നവർക്ക് ജീവനിൽ നിന്നു ജീവനിലേക്കും നശിക്കുന്നവർക്കു മരണത്തിൽ നിന്നു മരണത്തിലേക്കുമുള്ള വാസന നാം നൽകുമ്പോൾ തന്നെ ആത്യന്തികമായി നാം ദൈവത്തിനാണു ക്രിസ്തുവിന്റെ സൗരഭ്യവാസനയായിരിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക (2 കൊരി. 2:15).



# വിതയ്ക്കുന്നവന്റെ ഉപമ



**"വി**തെക്കുന്നവൻ വിതപ്പാൻ പുറപ്പെട്ടു. വിതെക്കുമ്പോൾ ചിലതു വിഴിയരികെ വീണു. പറവകൾ വന്ന് അതു തിന്നു കളഞ്ഞു. ചിലതു പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്ത ഇടത്തു വീണു. മണ്ണിനു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളച്ചു വന്നു. സൂര്യൻ ഉദിച്ചാറെ ചൂടുതട്ടി വേര് ഇല്ലായ്കയാൽ അത് ഉണങ്ങിപ്പോയി. മറ്റു ചിലതു മുള്ളിന്നിടയിൽ വീണു. മുള്ളു മുളെച്ചു വളർന്നു അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റു ചിലതു നല്ല നിലത്തു വീണു. നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു. ചെവിയുള്ളവൻ കേൾക്കട്ടെ." (മത്തായി 13:3-9).

നാം *'ചെവിയുള്ളവരാണെങ്കിൽ'* കേൾപ്പാൻ ഇതിൽ ഒട്ടേറെയുണ്ട്.

ഈ നാലുതരം സ്ഥലങ്ങൾ - വഴിയരിക്, പാറസ്ഥലം, മുള്ളിന്നിടയിൽ, നല്ല നിലം - സുവിശേഷത്തോടുള്ള നാലു തരം പ്രതികരണങ്ങളെയാണു പ്രതിനിധാനം ചെയ്യുന്നതെങ്കിൽ ഇവരിൽ എത്ര കൂട്ടർ സഭയിൽ ഉണ്ടാകും എന്നാലോചിക്കുക കൗതകകരമാണ്.

തീർച്ചയായും, വഴിയരികിനെ പ്രതിനിധാനം ചെയ്യുന്നവർ സഭയിലുണ്ടാകുകയില്ല. കാരണം സുവിശേഷത്തിന്റെ വിത്ത് വീണ മാത്രയിൽ പറവ അതു കൊത്തിക്കൊണ്ടു പോയല്ലോ. അവർ രക്ഷിക്കപ്പെട്ടില്ലെന്നു കർത്താവു തന്നെ വ്യക്തമാക്കിയിട്ടുണ്ട് (ലൂക്കോസ് 8:12 - 'അവർ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിപ്പാൻ പിശാച് വന്ന് അവരുടെ ഹൃദയത്തിൽ നിന്നു വചനം എടുത്തു കളയുന്നു'). അപ്പോൾ പിന്നെ അവരെ സഭയിൽ തിരയേണ്ടതില്ലല്ലോ.

രണ്ടാമത്തെ കൂട്ടർ, പാറസ്ഥലത്തെ പ്രതിനിധാനം ചെയ്യുന്നവർ? അവർ സുവിശേഷത്തോടു വൈകാരികമായി പ്രതികരിക്കുന്നവരാണ്. ക്ഷണത്തിൽ മുളച്ചുവരും. പക്ഷേ മണ്ണിനു താഴ്ചയില്ല. വേരില്ല. വേഗത്തിൽ മുളച്ചുവന്നതുപോലെ വേഗത്തിൽ ഉണങ്ങിപ്പോകും. സൂര്യൻ ഉദിച്ചാറെ -പരീക്ഷാസമയത്ത്- അവർ പിൻവാങ്ങി ലോകത്തിലേക്കു തന്നെ മടങ്ങി (ലൂക്കൊ. 8:13). അവരെ ആ സ്ഥാനത്തു തിരഞ്ഞാൽ പിന്നെ കാണുകയില്ല. ആദ്യത്തെ കൂട്ടർ രക്ഷിക്കപ്പെടാത്തവരാണങ്കിൽ ഇവർ പിന്മാറ്റക്കാരാണ്. ഇവരും സഭയിൽ കാണുകയില്ല.

ഈ നിലയിൽ ചിന്തിക്കുമ്പോൾ മൂന്നാമത്തെ കൂട്ടരും മുള്ളിനിടയിൽ വീണ വിത്തിനെ പ്രതിനിധാനം ചെയ്യുന്നവർ സഭയിൽ കാണുകയില്ല എന്നു നാം വിചാരിക്കും. കാരണം 'മുള്ളു മുളച്ചു വളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു' എന്നു പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ സൂക്ഷ്മമായി നോക്കിയാൽ ആ ചെടി നശിച്ചു പോയില്ല, മുള്ളുകൾ അതിനെ ഞെരുക്കിക്കളഞ്ഞെങ്കിലും അത് ഇല്ലാതായില്ല. അത് ആ സ്ഥാനത്തുണ്ടെന്നു കാണാം. പിന്നെ അവരുടെ പ്രശ്നം അവർ ഫലം കൊടുക്കുന്നില്ല -നിഷ്ഫലർ- എന്നു മാത്രമാണെന്നു മത്തായിയുടെ സുവിശേഷത്തിൽ വിശദീകരിക്കുന്നു (13:22). ലൂക്കൊസ് അവരെക്കുറിച്ചു പറയുമ്പോൾ അവർ പൂർണമായി ഫലം കൊടുക്കാത്തവരാണ് എന്നു കുറച്ചുകൂടെ വിശദമാക്കുന്നു (8:14). അപ്പോൾ നോക്കുക: 'നിഷ്ഫലർ (unfruitful), പൂർണമായി ഫലം കൊടുക്കുന്നില്ല (no fruit to matuarity) അതാണ് അവർക്കെതിരെയുള്ള കുറ്റം. നിഷ്ഫലരായാണെങ്കിലും പൂർണമായി ഫലം കൊടുക്കാതെയാണെങ്കിലും അവർ അവിടെയുണ്ട്. അവർ ഇല്ലായ്മയായി പോയിട്ടില്ല. സഭയിൽ അവരിപ്പോഴും ഉണ്ട്!

നാലാമത്തെ കൂട്ടർ. ഉവ്വ്, നല്ല നിലം. തീർച്ചയായും അവർ മുപ്പതും അറുപതും നൂറും മേനിയായി ഫലം നൽകി, സജീവമായി സഭയിലുണ്ട്.

ചുരുക്കത്തിൽ വിതെയ്ക്കുന്നവന്റെ ഉപമ സംബന്ധിച്ചു വിശ്വാസികൾക്കു പ്രസക്തമായ ഒരു പാഠം ഇതാണ്:- നാം രക്ഷിക്കപ്പെട്ടവരും പിന്മാറിപ്പോകാതെ സഭയിൽ ഇപ്പോഴും നില്ക്കുന്നവരുമാകാം. പക്ഷേ അതിന്റെ അർത്ഥം നാം എല്ലാവരും 'നല്ല നില'മാണെന്നല്ല. നാം ഒരു പക്ഷേ മുള്ളിനടിയിൽ ഞെരുങ്ങി പൂർണമായി ഫലം കൊടുക്കാതെ നില്ക്കുന്നവരാകാം. എന്നാൽ കർത്താവു നമ്മക്കുറിച്ച് ആഗ്രഹിക്കുന്നത് ഇങ്ങനെ ഒരു ഞെരുങ്ങിയ നില്പല്ല. മുള്ളുകൾ പറിച്ചു കളഞ്ഞു നല്ല നിലമായി മുപ്പതും അറുപതും നൂറും മേനിയായി ഫലം കൊടുക്കുന്നവരായി നാം മാറുമ്പോഴാണ് അതു യജമാനന്റെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുന്നത്.

യജമാനനെ തൃപ്തിപ്പെടുത്തുന്ന നിലയിൽ പൂർണമായി ഫലം കൊടുക്കാൻ അനുവദിക്കാതെ ഒരുവനെ ഞെരുക്കുന്ന മുള്ളുകൾ എന്തെല്ലാമാണെന്നു കർത്താവ് ഈ ഉപമയുടെ വ്യാഖ്യാനത്തിൽ വിശദീകരിച്ചിട്ടുണ്ട്. മുള്ളുകളെ ഈ ലോകത്തിന്റെ ചിന്ത (worries of the world), ധനത്തിന്റെ വഞ്ചന (deceitfulness of riches) എന്നിങ്ങനെയാണ് മത്തായി സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നത് (13:22);

ലൂക്കൊസിൽ ഉൽക്കണ്ഠകൾ, ധനം, സംസാരഭോഗം (wories, riches, pleasures of this life) എന്നിങ്ങനെയും (8:14). ഇവ രണ്ടും കൂടിച്ചേർത്തു നമുക്ക് ഇങ്ങനെ പറയാം: ആകുല ചിന്തകൾ (വിചാരപ്പെടുന്നത്), ധനത്തിന്റെ വഞ്ചന, ലോക സുഖങ്ങൾ എന്നിവയാണ് പൂർണ ഫലം നൽകുന്ന നല്ല നിലമാകുന്നതിൽ നിന്നു നമ്മെ തടയുന്ന മുള്ളുകൾ.

ആകുലചിന്തകൾക്കെതിരെയുള്ള ശക്തമായ മുന്നറിയിപ്പും താക്കീതും ഗിരിപ്രഭാഷണത്തിൽ തന്നെ യേശു കർത്താവു നൽകുന്നുണ്ട് (മത്തായി 6:19-34). അവിടെ വിചാരപ്പെടുന്നതിനൊരു ഒറ്റമൂലി എന്ന നിലയിൽ കർത്താവ് ആവർത്തിച്ചു വിരൽ ചൂണ്ടുന്നത് സ്വർഗ്ഗസ്ഥനായ പിതാവിലേക്കാണ്. സ്വർഗ്ഗീയ പിതാവിലുള്ള വലിയ സുരക്ഷിതത്വബോധമാണു നമ്മുടെ ആകുലചിന്തകളെ പുറത്താക്കുന്നത്. ആകാശത്തിലെ പറവകൾക്കു പോലും ഈ സുരക്ഷിതത്വബോധം നൽകുന്ന ആഹ്ലാദമുണ്ടെന്നും മനുഷ്യനാണ് അതു കൈമോശം വന്നതെന്നും അവിടുന്നു ഗിരിപ്രഭാഷണത്തിൽ സൂചിപ്പിക്കുന്നുണ്ട്.



# ബാലവേദി

## ഭൂമിയും സൂര്യനും



ഭൂമിയുടെ ഉള്ളിലെ ചൂട് ഏകദേശം 6000 ഡിഗ്രി സെൽഷ്യസ് ആണ്. സൂര്യന്റെ ഏറ്റവും പുറമെയുള്ള ചൂടും ഏകദേശം അത്രതന്നെ! സൂര്യന്റെ അടുത്തു ചെന്നാൽ ഭൂമി ഉരുകി പ്പോകും. സ്വന്തം വയറിനുള്ളിൽ അത്രതന്നെ ചൂടുണ്ടെങ്കിലും ഭൂമിക്ക് കുഴപ്പമില്ലതാനും. സൃഷ്ടിവാദത്തിലേക്ക് വിരൽചൂണ്ടുന്ന ഒരു അത്ഭുതപ്രതിഭാസം തന്നെയാണിത്. ഭൂമിയുടെ പുറന്തോടായ 'ക്രസ്റ്റി'ന് നൂറു കിലോമീറ്ററിൽ താഴെ കട്ടിയേയുള്ളൂ. അതു കഴിഞ്ഞാൽ 3000 കിലോമീറ്ററോളം മാന്റിൽ എന്ന കോട്ടയാണ്. അതിനുള്ളിൽ 2300 കിലോമീറ്ററോളം ഉരുകിത്തിളയ്ക്കുന്ന 'ഔട്ടർ കോർ' എന്ന അകക്കാമ്പ്. ഏറ്റവും ഉള്ളിൽ 1200 കിലോമീറ്ററോളം വ്യാസത്തിൽ കട്ടിയുള്ള ഉറച്ച അകക്കാമ്പും (Inner Core).

ഭൂമിക്കകത്തെ കൊടുംചൂട് പുറത്തേക്കെത്താതെ മാന്റിൽ എന്ന കടുകട്ടി ആവരണം തടയുന്നതിനാലാണ് ഭൂമി ഉരുകിപ്പോകാത്തത് എന്നു പറയാം. (ധ്രുവപ്രദേശങ്ങളിലെയും മറ്റും മഞ്ഞുമൂടിക്കിടക്കുന്ന തടാകങ്ങൾ പോലെയാണ് ഇത്. മുകളിൽ ഉറച്ച മഞ്ഞുപാളിയാണെങ്കിലും താഴെ വെള്ളം കാണും.) എന്നാൽ മാന്റിലെന്ന പുതപ്പു മാത്രമല്ല ഭൂമി ഉരുകാതിരിക്കാൻ കാരണം. ഏതു സാധനവും ചൂടാവുന്നത് അതിലേക്ക് ചൂടിന്റെ ഒരു ഒഴുക്ക് ഉണ്ടാകുമ്പോഴാണ്. കൂടുതൽ അളവുള്ള സാധനത്തിൽനിന്ന് കുടുതൽ ചൂട് പ്രവഹിക്കും. 'മാസ്' (Mass) അഥവാ പിണ്ഡം എന്നാണ് ഈ അളവിന് പറയുക. മാസ് കൂടുന്തോറും ചൂടിന്റെ പ്രവാഹവും കൂടും എന്നർഥം. സൂര്യന്റെ വലുപ്പവും മാസും കാരണം കണക്കാക്കാനാകാത്ത ചൂടാണ് പുറത്തേക്കു വരുന്നത്. അതുവച്ചു നോക്കുമ്പോൾ ഭൂമിയുടെ ഉൾവശം തീരെ നിസ്സാരക്കാരനാണ്. സൂര്യനും ഭൂമിയും ഏകദേശം ഒരേപോലെ ചൂട് ഉൾക്കൊള്ളുന്നുവെങ്കിലും സൂര്യനിൽ നിന്ന് വ്യത്യസ്തമായി ഭൂമിയ്ക്കുള്ളിൽ ചൂട് ക്രമീകരിക്കപ്പെടുന്നത് കേവലം യാദൃശ്ചികമല്ല. മനുഷ്യബുദ്ധിയ്ക്ക് ഗ്രഹിക്കാൻ കഴിയാത്ത വിധത്തിൽ അത്ഭുതകരമായ നിർമ്മിതിയാണ് ഭൂമിയെന്നും അതിനെ സൃഷ്ടിച്ച് പരിപാലിക്കുന്നത് ദൈവമാണെന്നും യുക്തിപൂർവ്വം ചിന്തിക്കുന്ന ആർക്കും മനസിലാക്കാൻ കഴിയുന്ന ഒരു യാഥാർത്ഥ്യമാണ് (ഉല്പ.1:1; യെശ.40:28)

## കണക്കുമാഷ്



സ്കൂളിലേക്ക് പുതിയതായി കണക്കു പഠിപ്പിക്കാൻ ഒരു സാർ വരുന്നെന്നു കേട്ടതോടെ ഞങ്ങൾ, കുട്ടികൾ ഒന്നു ഭയന്നു, പേടിക്കാതെ എന്തു ചെയ്യും?

അക്കാലത്തെ അദ്ധ്യാപകരിലേറെയും വലിയ മീശ വച്ച് ഗൗരവപുരുഷന്മാരായിരുന്നു.

മുണ്ടും ജുബ്ബയും ധരിച്ച്, ടയർ ചെരുപ്പുമിട്ട് കൈയിൽ പുസ്തകങ്ങളും ചൂരൽ വടിയുമായി നടന്നു പോകുന്ന അവർ മാന്യതയുടെ അവസാന വാക്കായിരുന്നു. ഉഗ്രപ്രതാപികൾ ചൂരൽക്കഷായത്തിൽ വിശ്വസിച്ചിരുന്നവർ! നാട്ടുവഴക്കുകൾ പോലും പറഞ്ഞു തീർക്കാൻ കോപ്പുള്ളവർ!

അങ്ങനെയിരിക്കുമ്പോഴാണു പുതിയ അധ്യാപകന്റെ വരവ്. അദ്ദേഹത്തിന്റെ പേര് വർക്കി എന്നാണെന്നും മൂപ്പരാണു ക്ലാസ് ടീച്ചറായി വരുന്നതെന്നും ഞങ്ങൾക്കു വിവരം കിട്ടി.

പുതിയ സാർ വന്നു!

അങ്ങനെ ഒരു ദിവസം, പുതിയ സാറിനെ സ്വീകരിക്കാൻ ആദ്യ പിരീഡിൽ ഒരുക്കങ്ങൾ തുടങ്ങി. മേശപ്പുറത്ത് ഡസ്റ്ററും പുതിയ ചോക്കുപെട്ടിയും പ്രാധാന ആയുധമായ ചൂരൽ വടിയും മോണിറ്റർ കൊണ്ടുവന്നു വച്ചു. ജുബ്ബയും മുണ്ടും ധരിച്ച, വലിയ മീശയും ഉണ്ടക്കണ്ണുകളുമുള്ള ഒരു വർക്കി സാറിനെ പ്രതീക്ഷിച്ച് ഞങ്ങൾ ചങ്കിടിപ്പോടെ കാത്തിരുന്നു.

പെട്ടന്ന് ക്ലാസിന്റെ പിൻവാതിൽ തുറന്ന് ഒരാൾ അകത്തു പ്രവേശിച്ചു. പിൻബെഞ്ചിലിരുന്ന ഒരാളുടെ തോളത്ത് കൈവച്ചു പുഞ്ചിരി തൂകി ഒരു ചെറുപ്പക്കാരൻ നിൽക്കുന്നത് കുറെക്കഴിഞ്ഞാണ് ഞങ്ങൾ ശ്രദ്ധിച്ചത്. നീല ഷർട്ടും വെളുത്ത മുണ്ടും ധരിച്ച ഒരു യുവസുന്ദരൻ!

മൂന്നു വർഷമായി തോറ്റു കിടക്കുന്ന മാത്തുക്കുട്ടിയുടെ തോളിൽ കൈവച്ച് കുശലം ചോദിച്ച് മൂപ്പർ നിൽക്കുകയാണ്!



അദ്ദേഹം പിൻബഞ്ചിലെ ഓരോരുത്തരോടും പേരുകൾ ചോദിച്ചു. ഒടുവിൽ ക്ലാസിന്റെ മുമ്പിൽ വന്നുനിന്നു. എന്നിട്ടു മേശപ്പുറത്തെ ചൂരൽ വടിയെടുത്ത് ഒന്നു ശക്തിയായി വീശി. ചൂരലിന്റെ ചീറ്റൽ കേട്ടു ഞങ്ങൾ ഞെട്ടവേ, അദ്ദേഹം മധുരവും ശാന്തവുമായ ശബ്ദത്തിൽ പറഞ്ഞു: 'ഈ ചൂരൽ നമുക്കു വേണ്ട, അല്ലേ?' (തുടരും)

## അക്ഷരംപ്രതി!

ജോലിക്കിടയിൽ പരിക്കുപറ്റി മൂന്നാലു ദിവസമായി ആശുപത്രിവാസത്തിലാണ് കെട്ടിടനിർമാണത്തൊഴിലാളിയായ വേലപ്പൻ. വിരസത മാറ്റാൻ മൊബൈലിൽ തോണ്ടി സമയം തള്ളിനീക്കുന്നതിനിടയിലാണ് മൊബൈൽ റിങ് ചെയ്തത്.

"എടാ, നിന്നെ കാണാൻ പുറപ്പെട്ട എനിക്ക് വഴിക്കുവെച്ച് അപകടം പറ്റിയെടാ... ഞാനിതേ ഹോസ്പിറ്റലിൽ രണ്ടാം നിലയിൽ ഉണ്ട്."

കൂട്ടുകാരൻ മന്താപ്പി കരച്ചിലിന്റെ സ്വരത്തിൽ പറഞ്ഞതുകേട്ട് വേലപ്പൻ ഞെട്ടിപ്പോയി. മൂപ്പർ ഉടൻ തന്നെ ഒരു വീൽച്ചെയറിൽ കയറിയിരുന്ന് അവനെ കിടത്തിയ മുറിയിലെത്തി.

"മന്താപ്പി, എന്താ പറ്റിയത്?"

"അത്.. നിന്നെ കാണാനായി ഞാൻ നാട്ടിൽനിന്ന് ബസിലാ വന്നത്."

"അയ്യോ! എന്നിട്ട് ആ ബസ് മറിഞ്ഞോ?"

"ഹേയ്.. ആ ബസിലുള്ള കണ്ടക്ടറോട്..."

"കണ്ടക്ടറോട് വഴക്കുണ്ടാക്കിയോ?", വേലപ്പൻ ഇടയിൽക്കയറി ചോദിച്ചു.

"ശ്ശോ... അതൊന്നുമല്ല."

"പിന്നെ..."

"ആ കണ്ടക്ടറോട് ഞാൻ ബസിൽവെച്ച് ഈ ഹോസ്പിറ്റലിലേക്കുള്ള വഴി ചോദിച്ചിരുന്നു."

"എന്നിട്ട്..?"

"ബസ് സ്റ്റോപ്പിലിറങ്ങിയിട്ട് ഇരുനൂറ് മീറ്റർ പുറകോട്ട് നടന്നാൽ മതിയെന്ന് അയാൾ പറഞ്ഞു. അതു പ്രകാരം ബസിറങ്ങി 'പുറകോട്ട് നടന്നതാ, റോഡുവക്കിലുള്ള ഓടയിൽ വീണ് കാലൊടിഞ്ഞു."

മന്താപ്പി പറഞ്ഞതുകേട്ട് ആദ്യമൊന്നമ്പരന്ന വേലപ്പൻ പിന്നെ ചിരിയടക്കാൻ പാടുപെടുന്നതിനിടയിൽ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു:

"ഏതായാലും കണ്ടക്ടർ പറഞ്ഞപോലെത്തന്നെ അക്ഷരംപ്രതി 'നടന്നതു'കൊണ്ട് കൃത്യം ഹോസ്പിറ്റലിലെത്തിയല്ലോ!!"

> **അക്ഷരാർത്ഥത്തിൽ....**
>
> ഈ കഥയിലെ മന്താപ്പിയെ പോലെ, പറയുന്ന കാര്യം അക്ഷരാർത്ഥത്തിൽ മാത്രം മനസ്സിലാക്കുന്ന ആളുകളെ LITERAL THINKERS എന്നാണ് പറയുക. മലയാളത്തിൽ പച്ചപ്പരമാർത്ഥി എന്ന് ഇത്തരക്കാരെ പറയാറുണ്ട്.

## എങ്ങനുണ്ട് കവിത?

ഒരിക്കൽ തെന്നാലി രാമന്റെ അടുത്ത് ഒരു എഴുത്തുകാരൻ എത്തി. വലിയ കവിയാണെന്നാണ് അയാളുടെ ഭാവം.

"ബുദ്ധിമാനായ അങ്ങ് എന്റെ കവിതകൾ വായിച്ച് അഭിപ്രായം പറയണം", എഴുത്തുകാരൻ ആവശ്യപ്പെട്ടു.

തെന്നാലി രാമൻ കവിതകളിലൂടെ കണ്ണോടിച്ചുനോക്കി. എല്ലാം മോശം! പക്ഷേ, അതു പറഞ്ഞാൽ അയാൾ സമ്മതിക്കില്ല.

"വായിച്ചിട്ട് അഭിപ്രായം പറയാം" അയാളെ ഒഴിവാക്കാൻ രാമൻ പറഞ്ഞു.

"പറ്റില്ല... ഇപ്പോൾത്തന്നെ വായിച്ച് പറയണം," എഴുത്തുകാരൻ നിർബന്ധിച്ചു.

അയാൾ കവിതകൾ ഉറക്കെ വായിക്കാൻ തുടങ്ങി. ഈ സമയം രാമൻ ഉറങ്ങാൻ തുടങ്ങി.

കുറേക്കഴിഞ്ഞ് കണ്ണുതുറന്നപ്പോൾ എഴുത്തുകാരൻ ചോദിച്ചു: "ഞാൻ ബാക്കി വായിക്കട്ടെ?"

"വേണ്ട. ഞാൻ കവിതകളെക്കുറിച്ചുള്ള അഭിപ്രായം പറഞ്ഞു കഴിഞ്ഞല്ലോ," രാമൻ പറഞ്ഞു.

"ങേ! അഭിപ്രായം പറഞ്ഞെന്നോ? പക്ഷേ, അങ്ങ് ഉറങ്ങുകയായിരുന്നല്ലോ?" കവി ചോദിച്ചു.

"അതെ... അതു തന്നെയാണ് എന്റെ അഭിപ്രായം!"

## കാലൊടിക്കും ശൈലി

"പോയി കാലൊടിച്ചു വാ!" സ്റ്റേജിൽ കയറാനൊരുങ്ങുന്ന നടനെ കൂട്ടുകാരൻ ആശംസിച്ചു.

ഇതെന്തൊരു ആശംസ, അല്ലേ? സംശയിക്കേണ്ട. 'good luck' എന്നതിനു പകരം ഇംഗ്ലിഷിൽ ഉപയോഗിക്കുന്ന ഒരു ശൈലിയാണ് Break a leg! എങ്ങനെയാണ് ഈ പ്രയോഗം വന്നത്? അതേക്കുറിച്ച് പല അഭിപ്രായങ്ങളുണ്ട്. ഹീബ്രു ഭാഷയിൽ 'വിജയാശംസകൾ' എന്നർഥമുള്ള പ്രയോഗം ജർമ്മൻകാർ കേട്ടപ്പോൾ വന്ന കുഴപ്പമാണ് ഇതിനു പിന്നിൽ എന്നാണ് ചിലരുടെ അഭിപ്രായം. ഹീബ്രുവിലെ ആശംസ കേട്ടാൽ 'കഴുത്തും കാലും ഒടിയുക' എന്ന് ജർമ്മൻ ഭാഷയിൽ പറയുന്നതുപോലെ തോന്നും!





# വിജയരഹസ്യം



## ജീവസന്ദേശം

ടി.എം. വർഗ്ഗീസ് ഓതറ

"യഹോവ അവർക്ക് ശത്രുക്കളുടെമേൽ ജയസന്താഷം നല്കിയതുകൊണ്ട് യെഹൂദ്യരും യെരൂശലേമ്യരും എല്ലാം മുമ്പിൽ യെഹോശാഫാത്തുമായി സന്തോഷത്തോടെ മടങ്ങിപ്പോന്നു" (2 ദിന. 20:27).

2 ദിനവൃത്താന്തം 20-ാം അദ്ധ്യായം വായിക്കുമ്പോൾ ആദ്യവാക്യത്തിൽ തന്നെ ഒരു വലിയ പ്രതിസന്ധി നമുക്കിവിടെ കാണാൻ കഴിയും. മോവാബ്യരും അമ്മോന്യരും മെയൂന്യരിൽ ചിലരും യഹോശാഫാത്തിനോടു യുദ്ധത്തിനു വന്നു. അതിനുശേഷം എന്നാണ് ഈ അദ്ധ്യായം തുടങ്ങുന്നത്. ദൈവത്തിന്റെ ജനത്തിന്, പ്രതിസന്ധികൾ ഉണ്ടെങ്കിൽ അതിനു കാരണം പ്രിയമുള്ളവരേ നാം പോർക്കളത്തിലായതുകൊണ്ടാണ്, എന്നാൽ പ്രതിസന്ധികൾ നമ്മെ തളർത്തിക്കളകയില്ല. ദൈവം തന്റെ മക്കളെ ഉയർത്തുന്ന മാർഗം അതാണ്. സാത്താൻ തോല്പിക്കാൻ കൊണ്ടുവരുന്നതിനെ ദൈവം ജയത്തിനായി തീർക്കും. അതെന്നും ദൈവമക്കളുടെ കാര്യത്തിൽ അങ്ങനെയാണ്.

ഒന്നാലോചിച്ചുനോക്കണം, ലക്ഷക്കണക്കിനുവരുന്ന സൈന്യനിരയാട് യുദ്ധം ചെയ്യുവാൻ കെല്പില്ലെങ്കിൽ ബുദ്ധിമാനായ രാജാവ് ഒരു ഉടമ്പടി ചെയ്ത് കപ്പം കൊടുത്ത് രക്ഷപെടാൻ നോക്കും. ബുദ്ധിമാന്മാരെല്ലാം അങ്ങനെയാണ്. എന്നാൽ യെഹോശാഫാത്ത് ഉപവസിക്കുവാൻ ജനത്തോട് പറഞ്ഞു. അവർ യുദ്ധം ചെയ്യാതെ ഒരു 'യുദ്ധം' ജയിച്ച കഥയാണ് പിന്നീടവിടെ നടന്നത്. ദുർബലരെ, കർത്താവ് സഹായിക്കുന്നതിങ്ങനെയാണ്.

അതുകൊണ്ട് പ്രതിസന്ധികളിലെ കൊള്ള (ലാഭം) ദൈവപൈതലിന്റെ അവകാശമായി ദൈവം കല്പിച്ചു നൽകിയിരിക്കുന്നതാണ്. ആ പ്രതിസന്ധിയിലൂടെ കടന്നുപോയിക്കഴിയുമ്പോൾ മാത്രമേ അതു ലഭിക്കുകയുള്ളു എന്നത് വിസ്മയകരമായി നില്ക്കുന്ന ഒരു ദൈവിക മർമമാണ്. പക്ഷേ മനസ്സിലാക്കുവാൻ ഉൾക്കൊള്ളുവാൻപ്രയാസമാണ്. പ്രതിസന്ധിക്കു മുമ്പും അതിനുശേഷവുമുള്ള നമ്മുടെ ആത്മീയ നിലവാരവും വിശുദ്ധജീവിതവും ഒന്നു തൂക്കിനോക്കുമ്പോഴാണ് നമുക്കതിന്റെ രഹസ്യം മനസ്സിലാക്കുവാൻ കഴിയുന്നത്. കർത്താവിന്റെ മുമ്പിൽ അവന്റെ വിശുദ്ധ കൃപകൾക്ക് നാം യോഗ്യരാകണമെങ്കിൽ നാമും വിശുദ്ധിയുള്ളവരാകണം. മനുഷ്യൻ ഒരിക്കലും സ്വയമേ വിശുദ്ധനല്ല. ജീവിതപ്രതിസന്ധികളും പീഡനങ്ങളും പരിഹാസവും അവനെ നിസ്സഹായനും ദൈവാശ്രയബോധമുള്ളവനുമാക്കിത്തീർക്കുന്ന അവസ്ഥയിൽ അവന്റെ ഹൃദയം നിർമലവും അവന്റെ ചിന്ത വിശുദ്ധവുമായിരിക്കും. കൃപ പ്രവഹിക്കുന്നത് ഇങ്ങനെയുള്ള അവസ്ഥയിൽ മാത്രമാണെന്ന് ദൈവമക്കൾ അറിയണം.

ഈ യുദ്ധം തീർന്നു കഴിഞ്ഞപ്പോൾ ചുമപ്പാൻ കഴിയുന്നതിലുമധികം വാരി എടുത്തു എന്നുതന്നെയല്ല മൂന്നു ദിവസം അവർ കൊള്ളയിട്ടുകൊണ്ടിരുന്നു എന്നും നാം വായിക്കുന്നു. ശമര്യയിലെ ക്ഷാമം മാറ്റിക്കൊടുത്തപ്പോൾ സാധാരണ സമൃദ്ധിയല്ല അസാധാരണ സമൃദ്ധിയാണ് അവർക്ക് ലഭിച്ചത്. ആകയാൽ പ്രതിസന്ധിയിൽ കൂടെ കടന്നുപോകുന്ന ദൈവപൈതലേ, നിനക്ക് ചുമപ്പാൻ കഴിയുന്നതിലധികം കൊള്ള നിനക്ക് തരേണ്ടതിന്നായിട്ടാണ് ഇപ്പോഴത്തെ പോരാട്ടങ്ങൾ എന്നാർത്തുകൊൾക. 26-ാം വാക്യത്തിൽ പുതിയ സ്ഥലവും കിട്ടി. അതിന് ബെരാഖാ താഴ്‌വര എന്നു പേരും കൊടുത്തു. അതിന്റെ അർഥം അനുഗ്രഹത്തിന്റെ താഴ്‌വര എന്നാണ്. തന്നെയല്ല അവർക്കുണ്ടായ സന്തോഷത്തിന് ഒരു പ്രത്യേക പേരും നല്കി. അതു വെറും സന്തോഷമല്ല; ജയസന്തോഷം. വാക്യം 27. റോമാലേഖനം 8-ാം അദ്ധ്യായത്തിൽ നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണജയം പ്രാപിക്കുന്നു എന്ന് എഴുതിയിരിക്കുന്നു. രക്ഷയുടെ സന്തോഷം ലഭിച്ച ദൈവമക്കൾക്ക് ജയകരമായ ജീവിതത്തിന്റെ സന്തോഷവും ദൈവം വച്ചിട്ടുണ്ട്. തന്നെയല്ല 30ാമത്തെ വാക്യത്തിൽ ദൈവം വിശ്രമം നല്കിയതുകൊണ്ട് യഹോശാഫാത്തിന്റെ രാജ്യം സ്വസ്ഥമായിരുന്നു എന്നും കാണാം. സ്വസ്ഥത വേണമെങ്കിൽ ജയിക്കണം. ജയത്തിന് പ്രതിസന്ധിയും പോരാട്ടങ്ങളും നമുക്ക് ആവശ്യമാണ്.



രക്ഷയുടെ സന്തോഷം മാത്രമല്ല, ജയത്തിന്റെ സന്തോഷവും ജീവിതത്തെ സ്വസ്ഥതയിലേക്കു ദൈവം നടത്തുന്ന അനുഭവത്തിന്റെ അനുഗ്രഹവും നിനക്കുള്ളതാണ്.



# സ്നേഹമെന്ന പ്രമാണം



രണ്ട് അയൽകുടുംബങ്ങൾ. ഒരു കുടുംബത്തിലെ അംഗങ്ങൾ ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ ജപ്പാനിൽനിന്നു കുടിയേറിയവരായിരുന്നു. മറ്റേ കുടുംബത്തിലെ അംഗങ്ങളാകട്ടെ, ഇതേ കാലഘട്ടത്തിൽത്തന്നെ സ്വിറ്റ്സർലൻഡിൽ നിന്നു കുടിയേറിയവരും.

അമേരിക്കയിലെ സാൻഫ്രാൻസിസ്കോ എന്ന പട്ടണത്തിൽനിന്ന് ഏറെ അകലെയല്ലായിരുന്നു ഈ കുടുംബങ്ങളുടെ താമസം. രണ്ടു കുടുംബത്തിലെയും അംഗങ്ങൾ റോസപ്പൂവ് വിറ്റാണ് ഉപജീവനം നടത്തിയിരുന്നത്. അവരുടെ തോട്ടത്തിലെ റോസപ്പൂക്കൾക്ക് സാൻഫ്രാൻസിസ്കോയിൽ എപ്പോഴും നല്ല ഡിമാൻഡുണ്ടായിരുന്നു. തന്മൂലം സാമ്പത്തികമായി രണ്ടു കുടുംബങ്ങളും സാമാന്യം നല്ല നിലയിലായിരുന്നു.

ജപ്പാനിൽനിന്ന് കുടിയേറിപ്പാർത്ത കുടുംബത്തിലെ കുടുംബനാഥനൊഴികെ ബാക്കിയെല്ലാവരും അമേരിക്കൻ പൗരത്വം സമ്പാദിച്ചിരുന്നു. സ്വിറ്റ്സർലൻഡിൽനിന്നുള്ള കുടുംബത്തിലെ എല്ലാ അംഗങ്ങളും തുടക്കത്തിലേതന്നെ അമേരിക്കൻ പൗരത്വം നേടിയിരുന്നു.

ഈ രണ്ടു കുടുംബങ്ങളും നാൽപതോളം വർഷം നല്ല അയൽക്കാരായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് 1941 ഡിസംബർ ഏഴിന് ജപ്പാൻ അമേരിക്കയുടെ കീഴിലുള്ള പേൾ ഹാർബർ ആക്രമിച്ചത്. അതുവരെ രണ്ടാം ലോകമഹായുദ്ധത്തിലുൾപ്പെടാതെ അമേരിക്ക മാറിനിൽക്കുകയായിരുന്നു. എന്നാൽ, ജപ്പാൻ പേൾ ഹാർബറിൽ ബോംബിട്ടതോടുകൂടി അമേരിക്ക സഖ്യശക്തികളുടെ പക്ഷം ചേർന്ന് യുദ്ധത്തിലെ പ്രധാന പങ്കാളിയായി. അമേരിക്ക യുദ്ധത്തിൽ പങ്കാളിയായതോടെ അമേരിക്കയിൽ താമസിച്ചിരുന്ന ജപ്പാൻ വംശജരുടെ ജീവിതം ദുരിതപൂർണമായി. ജപ്പാൻ വംശജരുടെ കൂറ് ജപ്പാനോടായിരിക്കുമെന്നു സംശയിച്ച് അമേരിക്കയിലെ ജപ്പാൻ വംശജരെയെല്ലാം പ്രത്യേകം തയാർ ചെയ്യപ്പെട്ട ക്യാമ്പുകളിലേക്കു നിർബന്ധപൂർവം മാറ്റി.

ജപ്പാൻ വംശജരായ തങ്ങളുടെ അയൽക്കാർക്ക് സംഭവിക്കാൻ പോകുന്നത് എന്താണെന്നു മനസിലാക്കിയ സ്വിറ്റ്സർലൻഡിൽനിന്നുള്ള കുടുംബത്തിലെ നായകൻ തന്റെ അയൽക്കാരുടെ ഭവനത്തിൽച്ചെന്നു പറഞ്ഞു: "ഗവൺമെന്റ് നിങ്ങളെ പ്രത്യേക ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിക്കാനിടയായാൽ ഞാനും എന്റെ കുടുംബവും നിങ്ങളുടെ വീടും തോട്ടവും നോക്കിക്കൊള്ളാം. നിങ്ങൾക്കിപ്പോൾ സംഭവിക്കുന്നത് എന്റെ കുടുംബത്തിനാണു സംഭവിച്ചിരുന്നതെങ്കിൽ നിങ്ങൾ എന്റെ വീടും തോട്ടവും സംരക്ഷിച്ചുകൊള്ളുമായിരുന്നെന്ന് എനിക്കുറപ്പുണ്ട്."

ഗവൺമെന്റ് തങ്ങളോട് അനീതിപരമായി പ്രവർത്തിക്കുമ്പോഴും തങ്ങളുടെ അയൽക്കാർ എത്ര സ്നേഹപൂർവം തങ്ങളോടു പെരുമാറുന്നുവെന്നത് അവരുടെ വേദനിക്കുന്ന മനസുകൾക്ക് ആശ്വാസം നൽകി.

ജപ്പാൻ വംശജരായ കുടുംബത്തിലെ അംഗങ്ങൾ ഭയപ്പെട്ടിരുന്നതുപോലെ ഗവൺമെന്റ് കോളറാഡോ എന്ന സംസ്ഥാനത്തെ ഗ്രനേഡ എന്ന വിജനസ്ഥലത്തേക്ക് അവരെ നിർബന്ധപൂർവം മാറ്റിപ്പാർപ്പിച്ചു. ചുറ്റും മുള്ളുകമ്പികളും ആയുധമേന്തിയ കാവൽക്കാരുമുണ്ടായിരുന്ന ക്യാമ്പുകളിലായിരുന്നു അവരുടെ താമസം.

വർഷം മൂന്നു കഴിഞ്ഞു. യുദ്ധം അവസാനിച്ചു. ജപ്പാൻ വംശജർക്കെല്ലാം അവരുടെ ഭവനങ്ങളിലേക്കു മടങ്ങാൻ അനുവാദം ലഭിച്ചു. തങ്ങളുടെ അയൽക്കാരെ മുൻകൂട്ടി വിവരമറിയിച്ചുകൊണ്ട് സാൻഫ്രാൻസിസ്കോയിൽനിന്നുള്ള ജപ്പാൻ കുടുംബം അവിടേക്കു യാത്രതിരിച്ചു. അവർ സാൻഫ്രാൻസിസ്കോയിലെത്തുമ്പോൾ അവരെ സ്വീകരിക്കാൻ അവരുടെ അയൽക്കാർ റെയിൽവേസ്റ്റേഷനിൽ കാത്തുനിൽപുണ്ടായിരുന്നു. തങ്ങളുടെ വീടിനും റോസപ്പൂക്കൾ വളർത്തുന്ന നഴ്സറിക്കും എന്തു സംഭവിച്ചിട്ടുണ്ടാകും എന്നറിയാനുള്ള ആകാംക്ഷയോടെ അവർ വീട്ടിലെത്തുമ്പോൾ എന്താണു കണ്ടതെന്നോ?

വീടും പരിസരവും പഴയതിലും ഭംഗിയായിരിക്കുന്നു. നഴ്സറി നിറയെ പലനിറത്തിലും വലുപ്പത്തിലുമുള്ള റോസപ്പൂക്കൾ! അവർ അത്ഭുതസ്തബ്ദരായി നിൽക്കുമ്പോൾ സ്വിറ്റ്സർലൻഡിൽനിന്നുള്ള കുടുംബത്തിലെ നായകൻ അവരുടെ കൈയിലേക്ക് ഒരു ബാങ്കിന്റെ പാസ്ബുക്ക് കൈമാറി. അവരുടെ അസാന്നിധ്യത്തിൽ അവരുടെ തോട്ടത്തിലെ പൂക്കൾ വിറ്റുകിട്ടിയ വലിയൊരു തുകയുടെ കണക്കായിരുന്നു ആ പാസ്ബുക്കിലുണ്ടായിരുന്നത്!

നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന പ്രമാണം നമുക്കറിയാം. എന്നാൽ, ഈ പ്രമാണം ശരിക്കു പാലിക്കാൻ നമുക്കറിയാമോ എന്നു സംശയിക്കണം. കാരണം, നമ്മുടെ അയൽക്കാർക്കുവേണ്ടി നഷ്ടവും ത്യാഗവും സഹിക്കാൻ നമ്മിൽ പലർക്കും എത്രയോ വൈമനസ്യമാണ്!

മുകളിൽക്കൊടുത്തിരിക്കുന്ന കഥയിലെ ഒരു കുടുംബത്തിനു ദുരന്തമുണ്ടായപ്പോൾ എത്ര ത്യാഗമനഃസ്ഥിതിയോടെയാണ് മറ്റേ കുടുംബം സഹായിച്ചത്. ഒരു കുടുംബത്തിനു ദുരിതം നേരിട്ടപ്പോൾ ആ ദുരിതത്തിൽനിന്ന് അവരെ കരകയറ്റാനാണ് മറ്റേ കുടുംബം ശ്രമിച്ചത്. അതിനുവേണ്ടി ഓരോ ദിവസവും എത്രയോ മണിക്കൂറുകൾ സ്വിറ്റ്സർലൻഡിൽനിന്നുള്ള കുടുംബത്തിൽപ്പെട്ടവർ അധികമായി ജോലി ചെയ്തു! ഇതാണ് യഥാർഥ സ്നേഹം. ഇപ്രകാരമാണ് "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" എന്ന പ്രമാണം നാം പാലിക്കേണ്ടത്. ഇങ്ങനെ ചെയ്യുമ്പോഴാണ് ദൈവം നമ്മിൽ യഥാർഥത്തിൽ വസിക്കുന്നത്.

നമ്മുടെ ഒരു അയൽക്കാരന് സാമ്പത്തികമായി ഒരു വലിയ നഷ്ടം ഉണ്ടായി എന്നു കരുതുക. അപ്പോൾ നമ്മിലെത്ര പേർ അയാളെ സഹായിക്കാൻ തയാറാകും? ഒരു പക്ഷേ നല്ല പലിശയ്ക്ക് പണം കടം കൊടുക്കാൻ ചിലർ തയാറായേക്കും. അല്ലെങ്കിൽ ഏറ്റവും കുറഞ്ഞവിലയ്ക്ക് അയാളുടെ വീടും പറമ്പും വാങ്ങാൻ ചിലർ ശ്രമിച്ചേക്കും. അല്ലാതെ, അയൽക്കാരനുണ്ടായ നഷ്ടത്തിൽ അയാളെ ഹൃദയം തുറന്നു സഹായിക്കാൻ ആരെങ്കിലും മുന്നോട്ടുവരുമോ?

തന്നെപ്പോലെ സ്വന്തം അയൽക്കാരനെ സ്നേഹിക്കാൻ യേശു പഠിപ്പിച്ചപ്പോൾ അവിടുന്ന് അതിനു മാതൃകയായി കാണിച്ചുതന്നതു നല്ല ശമരിയാക്കാരനെയാണ്. ശമരിയാക്കാരുമായി ശത്രുതയിൽ കഴിഞ്ഞിരുന്ന യഹൂദരിലൊരുവനെ സഹായിക്കാൻ തുനിഞ്ഞ ഒരു ശമരിയക്കാരന്റെ കഥ പറഞ്ഞുകൊണ്ടാണ് അയൽക്കാരനെ എപ്രകാരം സ്നേഹിക്കണമെന്ന് യേശു പഠിപ്പിച്ചത്.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വെളിപ്പാടിലെ വസ്തുതകൾ



തുടർച്ച

യഥാർത്ഥമായ അപ്പോസ്തോലിക പാരമ്പര്യത്തിനുവിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുന്നവരെക്കുറിച്ച് പൗലോസ് തന്നെ എഫേസോസിലെ ശ്രേഷ്ഠന്മാർക്കു മുന്നറിയിപ്പുനല്കിയിരുന്നു (അ.പ്ര.20:29–30).

സുവിശേഷപ്രഘോഷകരുടെ പഠനവും ജീവിതവും ക്രിസ്തുവിന്റെ പഠനത്തിനും അപ്പസ്തോലന്മാരുടെസാക്ഷ്യത്തിനും നിരക്കുന്നതാണോ എന്നുപരിശോധിച്ചറിയണം. ഫലത്തിൽ നിന്നു വൃക്ഷത്തെ അറിയാൻ നാഥൻ തന്നെ ആവശ്യപ്പെട്ടിട്ടുണ്ട് (മത്താ.7:15–20). അപ്പസ്തോലന്മാർ എന്നവകാശപ്പെടുന്നവരെ പരീക്ഷിച്ചറിയാൻ വേറേയും മാർഗ്ഗങ്ങൾ അപ്പസ്തോലന്മാർ തന്നെ നല്കിയിട്ടുണ്ട് (1 യോഹ.4:1–3, 1 കൊരി.14:29). എഫേസോസിലെ സഭ ഇപ്രകാരമുള്ള പരിശോധനകൾ നടത്തുകയും കപട അപ്പസ്തോലന്മാരെ തിരിച്ചറിഞ്ഞ് തള്ളിപ്പറയുകയും ചെയ്തതിന്റെ പേരിൽ നാഥൻ അവരെ പ്രശംസിക്കുന്നു.

**2:3,** തന്നെപ്രതി സഹിക്കേണ്ടിവന്ന ക്ലേശങ്ങളെ എടുത്തുകാട്ടി നാഥൻ സഭയെ വീണ്ടും പ്രശംസിക്കുന്നു. പീഡനങ്ങളിലൂടെ തെളിയിക്കപ്പെട്ടതാണ് ആ സഭയുടെ സഹനശക്തി. ക്രിസ്തുവിനോടുള്ള വിശ്വസ്തതയിൽനിന്ന് വ്യതിചലിപ്പിക്കാൻ ഒന്നിനും കഴിയാത്തവണ്ണം അത്ര ഉറപ്പുള്ളതാണ് എഫേസോസിലെ സഭയുടെ വിശ്വാസം.

**2:4,** പ്രശംസയ്ക്കുശേഷം ശക്തമായ ശകാരവും വ്യക്തമായ താക്കീതും നല്കുന്നു. ആദ്യമുണ്ടായിരുന്ന സ്നേഹം വെടിഞ്ഞു എന്നതാണ് എഫേസോസിലെ സഭയ്ക്കെതിരേയുള്ള ആരോപണം. വിശ്വാസത്തിന്റെ തനിമ കാത്തുസൂക്ഷിക്കാനും വിശ്വാസവിരുദ്ധരെ തിരഞ്ഞുപിടിച്ച് പുറത്താക്കാനുമുള്ള ശ്രമത്തിൽ സഭയ്ക്ക് നഷ്ടപ്പെട്ടത് സ്നേഹമാണ്. സുവിശേഷം സ്വീകരിച്ച ആദ്യനാളുകളിൽ സഹോദരങ്ങൾ തമ്മിൽ പ്രകടമായിരുന്ന ഊഷ്മളമായ സ്നേഹബന്ധം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ബാഹ്യമായ പ്രകടനമായിരുന്നു. ഇപ്പോൾ അതിന്റെ സ്ഥാനത്ത് അവശേഷിച്ചിരിക്കുന്നത് ചേരിതിരിവും കക്ഷിമാത്സര്യങ്ങളുമാണ്. സഭയ്ക്കുള്ളിലെ അനൈക്യം അപ്പസ്തോലന്മാരുടെ കാലത്തുതന്നെ വലിയൊരു പ്രശ്നമായിരുന്നു (1 കൊരി1:10–13). സത്യങ്ങളും തത്വസംഹിതകളും സ്നേഹത്തിന്റെ അഭാവത്തിൽ അപകടകാരികളായിത്തീരുന്നു. മതങ്ങൾക്കുള്ളിൽത്തന്നെ നടക്കുന്ന ക്രൂരമായ പീഡനങ്ങളും മത്സരങ്ങളും ഇതിന്റെ വ്യക്തമായ ഉദാഹരണമാണ്.

**2:5,** മൂന്നുകാര്യങ്ങളാണ് ക്രിസ്തു ആവശ്യപ്പെടുന്നത്. 1. ഓർമ്മിക്കുക 2. മനസ്സുതിരിയുക 3. പ്രവർത്തിക്കുക. ക്രിസ്തുവിനെ അറിഞ്ഞ് അവനോടൊത്തു നടക്കാൻ തുടങ്ങിയ ആദ്യകാലത്തെ ഓർമ്മിക്കുക. അതും ഇപ്പോഴത്തെ അവസ്ഥയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ താൻ കർത്താവിൽനിന്ന് എത്രമാത്രം അകന്നുപോയിരിക്കുന്നു എന്ന് ഗ്രഹിക്കാനാവും. ധൂർത്തപുത്രന്റെ ജീവിതപരിവർത്തനം ആരംഭിക്കുന്നത് പിതാവിന്റെ സ്നേഹത്തെക്കുറിച്ച് ഓർക്കുമ്പോഴാണ് (ലൂക്കോ. 15:17). ഈ അനുസ്മരണം മാനസാന്തരത്തിലേക്കു നയിക്കണം. മാനസാന്തരം മുഖ്യമായും രണ്ടുകാര്യങ്ങൾ ഉൾക്കൊള്ളുന്നു. 1. ചെയ്തുപോയ തെറ്റിനെക്കുറിച്ചുള്ള ദുഃഖം. ഇതിനെയാണ് അനുതാപം എന്നു വിളിക്കുന്നത്. 2. ജീവിത നവീകരണത്തിനുള്ള തീരുമാനം. മനോഭാവത്തിൽ വരുത്തേണ്ട സമൂല പരിവർത്തനമാണ് മാനസാന്തരം. ഇതു ചിന്തയുടെയും വികാരങ്ങളുടെയും തലങ്ങളിൽ ഒതുങ്ങിനില്ക്കാതെ അനുദിന ജീവിതത്തിൽ പ്രകടമാകണം. അതിനാലാണ് ആദ്യത്തെപ്രവൃത്തികൾ ചെയ്യുക എന്ന് ആവശ്യപ്പെടുന്നത്. "മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ" (ലൂക്കോ 3:8) എന്ന ആഹ്വാനം എല്ലാ പ്രവാചകന്മാരും ആവർത്തിച്ചിരുന്നു. ധൂർത്തപുത്രന്റെ മടങ്ങിവരവ് മാനസാന്തരത്തിന്റെ മകുടോദാഹരണമാണ്.

കർശനമായ താക്കീത് മാനസാന്തരത്തിനുള്ള ആഹ്വാനത്തിന് അടിയന്തിരസ്വഭാവം നല്കുന്നു, മാനസാന്തരത്തിനു തയ്യാറല്ലെങ്കിൽ ക്രിസ്തുവിന്റെ സഭ എന്ന സ്ഥാനം തന്നെ എഫേസോസിനു നഷ്ടപ്പെടും എന്ന മുന്നറിയിപ്പാണ് ക്രിസ്തു നല്കുന്നത്. സ്നേഹമില്ലാത്ത സമൂഹം ക്രിസ്തുവിന്റെ സഭയല്ല. ക്രിസ്തുവിന്റെ സ്നേഹം സഹോദര സ്നേഹത്തിലൂടെ ജ്വലിച്ചു നില്ക്കുന്ന ദീപമല്ലെങ്കിൽപിന്നെ ദീപപീഠം അർത്ഥശൂന്യമാണ്. കെട്ടുപോയ വിളക്കു കത്തിക്കുക, അല്ലെങ്കിൽ വിളക്കുതന്നെ എടുത്തു മാറ്റപ്പെടും എന്ന താക്കീത് വലിയൊരു ഭീഷണിയാണ്.

**2:6,** താക്കീതിനുശേഷം വീണ്ടും പ്രശംസാവചനം. നിക്കൊലാവ്യ പക്ഷക്കാരോടുള്ള വെറുപ്പാണ് ഇവിടെ പ്രശംസയ്ക്കു കാരണമാകുന്നത്. പെർഗാമോസിലെ സഭയ്ക്കുള്ള ലേഖനത്തിൽ ഇക്കൂട്ടർ വീണ്ടും പ്രത്യക്ഷപ്പെടുന്നുണ്ട്. എഫേസോസ് അവരെ പുറന്തള്ളിയപ്പോൾ പെർഗാമോസിലെ ചിലർ അവരെ സ്വീകരിക്കാൻ സന്നദ്ധരായി. ക്രിസ്തുമാർഗ്ഗം നിർദ്ദേശിക്കുന്ന കർശനമായ ജീവിതനിഷ്ഠയ്ക്കുപകരം പേഗൻ മതങ്ങളുടെ അയഞ്ഞ ജീവിതശൈലി സ്വീകരിക്കാനും വിട്ടുവീഴ്ചകളും ഒത്തുതീർപ്പും വഴി എല്ലാവരോടും പൊരുത്തപ്പെട്ടുപോകാനുമുള്ള ആഹ്വാനമായി ഈ സിദ്ധാന്തത്തെ കരുതാം. രാജാരാധനയിലും വിരുന്നു സല്ക്കാരങ്ങളിലും മറ്റും പങ്കുചേർന്ന് ജനജീവിതത്തിന്റെ മുഖ്യധാരയിൽ ലയിക്കാനുള്ള ഈ പ്രവണത ക്രിസ്തീയതയുടെ തനിമ നഷ്ടപ്പെടുത്തുന്നതാണ്. (ഈ സിദ്ധാന്തത്തെക്കുറിച്ച് പെർഗാമോസിനുള്ള ലേഖനം അപഗ്രഥിക്കുമ്പോൾ വിശദമായി പ്രതിപാദിക്കുന്നതാണ്). (തുടരും)



# വെളിപ്പാടിന്റെ ചരിത്രം



കാലത്തിനതീതമാണ് ദൈവത്തിന്റെ വചനം. എഴുതപ്പെട്ട ദൈവവചനമാണ് ബൈബിൾ. ഏതുകാലത്ത് എഴുതപ്പെട്ടതാണെങ്കിലും ബൈബിൾ ഉൾക്കൊള്ളുന്ന രക്ഷാകരസന്ദേശം സ്ഥലകാല പരിമിതികളെ മറികടന്ന് സാർവത്രികവും സനാതനവുമായി നിലകൊള്ളുന്നു. എന്നാൽ പുസ്തകം എഴുതപ്പെട്ട സാഹചര്യങ്ങൾ രചനയ്ക്ക് സ്വീകരിച്ചിരിക്കുന്ന സാഹിത്യരൂപത്തെയും ഇതര ശൈലീവിശേഷങ്ങളെയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. അതിനാൽ ഗ്രന്ഥം രചിക്കപ്പെട്ട സ്ഥലകാല സാഹചര്യങ്ങളെക്കുറിച്ചുള്ള അറിവ് ആ ഗ്രന്ഥം ഉൾക്കൊള്ളുന്ന സന്ദേശം ഗ്രഹിക്കാൻ സഹായകമാകും.

വെളിപ്പാടു പുസ്തകത്തെ സംബന്ധിച്ചിടത്തോളം ഇത് തികച്ചും അന്വർത്ഥമാണ്. അതിനാൽ ഗ്രന്ഥം രചിക്കപ്പെട്ട ചരിത്രപശ്ചാത്തലം, ഗ്രന്ഥകാരന്റെ പ്രത്യേകതകൾ, ഗ്രന്ഥരചനയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്ന സാഹിത്യരൂപങ്ങൾ, ഉപയോഗിച്ചിരിക്കുന്ന പ്രതീകങ്ങൾ, ആശയങ്ങൾ അവതരിപ്പിക്കാനായി സ്വീകരിച്ചിരിക്കുന്ന ക്രമം അഥവാ പുസ്തകത്തിന്റെ ഘടന എന്നീ വിഷയങ്ങൾ ഈ ഭാഗത്തു ചർച്ച ചെയ്യുന്നു.



## ചരിത്രപശ്ചാത്തലം

ഏ.ഡി. 95–ാം ആണ്ടോടടുത്താണ് വെളിപ്പാടു പുസ്തകം എഴുതപ്പെട്ടത്. പുസ്തകത്തിലെതന്നെ പല പരാമർശങ്ങളും ആദിമ സഭാപിതാക്കന്മാരുടെ സാക്ഷ്യവും ഇതിനു തെളിവായുണ്ട്. വെളിപ്പാടുപുസ്തകം രചിക്കപ്പെട്ട കാലഘട്ടത്തിന്റെ പ്രത്യേകതകൾ അപഗ്രഥിക്കാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

### 1. സഭയും സാമ്രാജ്യവും

റോമാസാമ്രാജ്യത്തിലുടനീളം ക്രിസ്ത്യാനികൾ ക്രൂരമായ മതപീഡനത്തെ നേരിടുന്ന അവസരമായിരുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം മതമർദ്ദനം അപരിചിതമോ അപ്രതീക്ഷിതമോ ആയിരുന്നില്ല. രക്തത്തിൽ കുതിർന്നതാണ് ആദിമസഭയുടെ ചരിത്രം. കുരിശിൽ കുത്തിപ്പിളർക്കപ്പെട്ട നാഥന്റെ തിരുവിലാവിൽനിന്നു പുറപ്പെട്ട സഭ പീഡനങ്ങൾക്കു മധ്യേയാണ് വളർന്നത്. ക്രിസ്തുവിനെ ദൈവദൂഷകനും രാഷ്ട്രീയ കലാപകാരിയുമായി മുദ്രകുത്തി കുരിശിൽ തറച്ചവർ അവന്റെ അനുയായികളെയും വെറുതെ വിട്ടില്ല. ഗുരുവിനു ലഭിച്ച സ്വീകരണംതന്നെ ശിഷ്യന്മാർക്കും ലഭിച്ചു. യഹൂദനേതാക്കൾ ജറുസലെമിൽ തുടങ്ങിയ എതിർപ്പും പീഡനവും രക്തച്ചൊരിച്ചിലും പലസ്തീനായ്ക്കു പുറത്തേക്കും വ്യാപിച്ചു. അപ്പസ്തോലന്മാരും ക്രിസ്തീയ പ്രേഷിതരും ചെന്നിടത്തെല്ലാം യഹൂദതീവ്രവാദികളുടെ എതിർപ്പുകളെ നേരിടേണ്ടിവന്നു. വി. പൗലോസിന്റെ അനുഭവങ്ങൾ അപ്പസ്തോലപ്രവർത്തനങ്ങളിൽ വിശദീകരിക്കുന്നതിൽനിന്ന് ഇതു വ്യക്തമാണ്. യഹൂദമതത്തിൽ നിന്നുത്ഭവിച്ച ഒരു പാഷണ്ഡതയായിട്ടാണ് യഹൂദനേതാക്കൾ ആദ്യമാദ്യം ക്രിസ്തുമാർഗ്ഗത്തെ കണ്ടത്. സർവ്വശക്തിയും ഉപയോഗിച്ച് ഇതിനെ ഉന്മൂലനം ചെയ്യാൻ അവർ ശ്രമിച്ചു. എന്നാൽ പീഡിപ്പിക്കുന്തോറും കരുത്താർജ്ജിച്ചു വരുകയായിരുന്നു ക്രിസ്തുവിന്റെ സഭ.

ക്രിസ്തുവിന്റെ മരണത്തിനുശേഷം ഏകദേശം ഇരുപതു വർഷമായപ്പോഴേക്കും റോമാസാമ്രാജ്യത്തിന്റെ എല്ലാഭാഗത്തും ക്രിസ്തീയസന്ദേശം വ്യാപിച്ചു കഴിഞ്ഞിരുന്നു. യഹൂദരും അതിലേറെ വിജാതീയരും ഈ പുതിയ സന്ദേശം സ്വീകരിക്കാൻ തയ്യാറായി. സ്വീകരിക്കാതെ മാറിനിന്നവർ ക്രിസ്ത്യാനികളെ അവഹേളിക്കാനും ഒറ്റപ്പെടുത്താനും പലപ്പോഴും അടിച്ചമർത്താനും ശ്രമിച്ചു. എന്നാൽ ആദ്യമാദ്യം ഇത് ഒറ്റപ്പെട്ട സംഭവങ്ങളായിരുന്നു. പെട്ടന്നുണ്ടായ വികാരാവേശത്താൽ ജനക്കൂട്ടം പ്രേഷിതരെ പീഡിപ്പിക്കാൻ ഒരുമ്പെട്ട പല സാഹചര്യങ്ങളിലും റോമൻ അധികാരികൾ അവരുടെ സംരക്ഷണത്തിനെത്തിയിരുന്നു. എഫേസോസിലെ വെള്ളിപ്പണിക്കാർ തങ്ങളുടെ വിഗ്രഹക്കച്ചവടത്തിനു കോട്ടംതട്ടിയതിന്റെ പേരിൽ പൗലോസിനെയും കൂട്ടരെയും വധിക്കാൻ ശ്രമിച്ചപ്പോൾ റോമൻ ഭരണാധികാരി തന്നെയാണ് അവരുടെ രക്ഷയ്ക്കെത്തിയത്. ഇപ്രകാരമുള്ള റോമൻ സംരക്ഷണം പൗലോസിന്റെ ജീവിതത്തിൽ ആവർത്തിക്കപ്പെട്ടതായി കാണാം. ഏ.ഡി. 50–ൽ റോമൻ ചക്രവർത്തിയായ ക്ലാവുദീയൂസ് ക്രിസ്ത്യാനികളെ റോമിൽ നിന്നു പുറത്താക്കി (അ.പ്ര.18:2). പക്ഷേ, അതു ക്രിസ്തുമാർഗ്ഗത്തോട് എന്തെങ്കിലും പ്രത്യേക എതിർപ്പുണ്ടായിരുന്നതുകൊണ്ടല്ല, ക്രിസ്തുവിന്റെ പേരിൽ യഹൂദരും ക്രിസ്ത്യാനികളും തമ്മിലുണ്ടായ കലഹത്തിന്റെ പേരിലായിരുന്നു എന്ന് റോമൻ ചരിത്രകാരനായ സുവെത്തോണിയൂസ് രേഖപ്പെടുത്തിയിട്ടുണ്ട്.

റോമാസാമ്രാജ്യത്തോടും അതിന്റെ അധികാരികളോടും സൗമ്യവും വിധേയത്വപൂർണ്ണവുമായ ഒരു സമീപനമാണ് ആദിമ സഭ സ്വീകരിച്ചിരുന്നത്. നിരപരാധിയായ യേശുവിനെ വധശിക്ഷയ്ക്ക് വിധിച്ച റോമായുടെ പ്രതിനിധി പീലാത്തോസിനെപ്പോലും കുറ്റത്തിൽ നിന്നൊഴിവാക്കുന്ന വിധത്തിലുള്ളതാണ് സുവിശേഷത്തിലെ വിവരണങ്ങൾ. യേശുവിനെ ജനകീയ വിചാരണയ്ക്കു വിധേയനാക്കുകയും അവസാനം ജനഹിതത്തെ മാനിക്കുകയും മാത്രമാണ് അയാൾ ചെയ്തത് എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് ഈ വിവരണങ്ങൾ, ആരാച്ചാരായി കുരിശിൻ ചുവട്ടിൽ നിന്ന ശതാധിപൻ യേശുവിന്റെ നിരപരാധിത്വം ഏറ്റുപറയുന്നു. കഫർണാമിലെ ശതാധിപനും കേസറിയായിലെ കൊർണേലിയൂസും ഒക്കെ ക്രിസ്തുവിനെ ആദരിക്കുന്ന റോമൻ അധികാരികളാണ്.

അധികാരം ദൈവദത്തമാണെന്നും അതിനാൽ അധികാര സംവിധാനത്തെ എതിർക്കുന്നവർ ദൈവത്തെയാണ് എതിർക്കുന്നതെന്നും നന്മ ചെയ്യുന്നവർ അധികാരികളെ ഭയപ്പെടേണ്ടതില്ല എന്നും വി. പൗലോസ് പഠിപ്പിച്ചു (റോമ. 13:1–7). അവർ നികുതി കൊടുക്കണം; എല്ലാ വിധത്തിലും അനുസരണയുള്ള പൗരന്മാരായി ജീവിക്കണം; രാജാക്കന്മാർക്കുവേണ്ടി പ്രാർത്ഥിക്കണം (1 തിമോ. 2:1–3; തീത്തോ. 3:1). കർത്താവിനെ പ്രതി അവർ എല്ലാ രാഷ്ട്രീയാധികാരികൾക്കും വിധേയരായിരിക്കണം. (1 പത്രോ. 2:13–14). തിന്മ ചെയ്യുന്നവനെതിരേ ദൈവത്തിന്റെ ക്രോധം നടപ്പാക്കുന്ന ദൈവശുശ്രൂഷകനാണ് അധികാരി. ദൈവത്തിന്റെ ശിക്ഷാവിധി നടപ്പാക്കാൻ വേണ്ടിയാണ് അവൻ വാൾ ധരിച്ചിരിക്കുന്നത് (റോമാ 13:4). (തുടരും)

അദൃശ്യനായ ദൈവത്തേയും അദൃശ്യമായ സ്വർഗ്ഗത്തേയും ദൃശ്യവത്ക്കരിച്ച് ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതാകണം നമ്മുടെ വിശ്വാസം



# പരദൂഷണം



ദുഷ്ടതയും അഭക്തിയും നിറഞ്ഞ ഈ ലോകത്തിൽ കാണപ്പെടുന്ന വലിയ തിന്മകളിലൊന്നാണ് പരദൂഷണം. തിരുവഴുത്തുകൾ ഇതിനെപ്പറ്റി വളരെ വ്യക്തമായി സംസാരിക്കുന്നുണ്ടെങ്കിലും ഇതത്ര ഭീകരമായ ഒരു ദോഷമെന്ന് ഭൂരിപക്ഷമാളുകളും മനസ്സിലാക്കുന്നില്ല. പഴയനിയമവ്യവസ്ഥയിലായാലും പുതിയനിയമവ്യവസ്ഥയിലായാലും പരദൂഷണം ചെയ്യുന്നവർ ഏറ്റവും കഠിനമായ ശിക്ഷാവിധിക്ക് അർഹരാണ്.

പരദൂഷണം അഥവാ ഏഷണിയെന്ന ഈ പാപത്തെപ്പറ്റി ആളുകൾ സാധാരണ ചെയ്യാറുള്ള ഒരു കാര്യം ഇതാണ്. തങ്ങൾ സത്യമാണു പറയുന്നതെന്നു പ്രസ്താവിച്ചുകൊണ്ട് അതിനെ ന്യായീകരിക്കുവാൻ ശ്രമിക്കുക തന്നെ. ദുഷ്ടജനങ്ങൾമാത്രം ചെയ്യുവാൻ ധൈര്യപ്പെടുന്ന ഒരു നടപടിയാണ് ഈ വിധമുള്ള ന്യായീകരണം. പരദൂഷണം (ഇംഗ്ലീഷിൽ back biting) എന്ന പേരുതന്നെ അതെന്താണെന്നു വ്യക്തമാക്കുന്നു. ഒരാളുടെ കുറ്റങ്ങളെപ്പറ്റി മറ്റുള്ളവരോടു സംസാരിക്കുകയാണ് ഇതിന്റെ സ്വഭാവം. ഒരാളുടെ പിന്നിൽ മറഞ്ഞുനിന്നുകൊണ്ട് അയാളെ കടിച്ചു മുറിവേല്പിക്കുക എന്നാണ് ആ ഇംഗ്ലീഷ് പദത്തിന്റെ അർത്ഥം. ആ വ്യക്തിയുടെ സാന്നിധ്യത്തിൽ ഒരുവൻ അപ്രകാരം സംസാരിക്കുന്നില്ല. കാര്യങ്ങൾ ഈ വിധത്തിലാണോ എന്ന് ആ വ്യക്തിയുടെ അടുക്കൽപ്പോയി ആരും ചോദിച്ച് മനസ്സിലാക്കുന്നുമില്ല.



പരദൂഷണത്തിലേർപ്പെടുന്നയാൾ ദുഷ്ടനാണ്. അപ്രകാരമുള്ള ഒരാൾക്ക് സത്യസന്ധനായിരിക്കുവാൻ സാധ്യമല്ല. ഇതാണ് ഇതിനെ സംബന്ധിച്ച മറ്റൊരു വസ്തുത.

പരദൂഷണം ചെയ്യുന്നവൻ ദോഷം നിറഞ്ഞ, യഥാർത്ഥത്തിൽ വളരെയധികം ദോഷമുള്ള, ഒരാത്മാവിന് അധീനനാണ്. അതിനാൽ പൂർണ്ണമായ സത്യം പാലിക്കുവാൻ അയാൾക്കു സാധ്യമല്ല. അയാൾ പറയുന്ന കാര്യം തികച്ചും സത്യമായിരുന്നാൽപ്പോലും പരദൂഷണം ഭക്തിവിരുദ്ധമാണെന്ന കാര്യത്തിന് യാതൊരു മാറ്റവും സംഭവിക്കുന്നില്ല.

എന്താണീ ദുഷ്ടസ്വഭാവമെന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കാം. ഒരുവന്റെ കുറ്റമെന്ന് നാം കരുതുന്ന കാര്യം അയാളോടുതന്നെ പറയാതെ മൂന്നാമതൊരാളോട് പറയുന്നതാണ് പരദൂഷണം. മനഃപൂർവം നാം ഈ ദോഷത്തിൽ തുടരുന്നുവെങ്കിൽ അപ്പോൾ നാം പരദൂഷകന്മാർ അഥവാ ഏഷണിക്കാരായിത്തീരും. ഒരാൾ ഒരിക്കൽ മാത്രം മദ്യം ഉപയോഗിച്ചതുകൊണ്ട് അയാളെ മദ്യപൻ എന്നു വിളിക്കാറില്ല. എന്നാൽ വീണ്ടും വീണ്ടും പല പ്രാവശ്യം അയാൾ അതിൽ ഏർപ്പെടുന്നപക്ഷം നാം അയാളെ മദ്യപനെന്നു വിളിക്കുന്നു.

നിങ്ങളോടു തെറ്റു ചെയ്ത ഒരുവൻ നിങ്ങൾ പറയുന്ന കാര്യം കേൾക്കാതെ വന്നാൽ മത്തായി 18:15-17 വാക്യങ്ങളിൽ കാണുന്ന പ്രകാരം നിങ്ങൾ പ്രവർത്തിക്കണം. ദൈവത്തിന്റെ സഭയിൽ പാപം വാഴുവാൻ അനുവദിക്കരുത്.

"നിന്റെ ജനത്തിന്റെയിടയിൽ ഏഷണി പറഞ്ഞു നടക്കരുത്. കൂട്ടുകാരന്റെ മരണത്തിനായി നിഷ്കർഷിക്കരുത്; ഞാൻ യഹോവ ആകുന്നു. സഹോദരനെ നിന്റെ ഹൃദയത്തിൽ ദ്വേഷിക്കരുത്; കൂട്ടുകാരന്റെ പാപം നിന്റെമേൽ വരാതിരിക്കാൻ അവനെ താൽപര്യമായി ശാസിക്കണം." ലേവ്യ.19:16-17. പരദൂഷണം എത്രമാത്രം ദോഷം നിറഞ്ഞതെന്ന് ഇവിടെ നാം കാണുന്നു. ഒരുവൻ തെറ്റുചെയ്തുവെന്ന് സാക്ഷികൾ മുഖാന്തരം തെളിയിക്കപ്പെട്ടാൽ അയാളെ സ്നേഹിച്ച് അയാളുടെ അടുക്കൽപ്പോയി ആ തെറ്റിൽനിന്ന് അയാളെ പിന്തിരിപ്പിക്കാതെ അയാളെ വെറുക്കുകയും അയാളുടെ മരണത്തിനായി നിഷ്കർഷിച്ച് (ഇംഗ്ലീഷ് തർജമ പ്രകാരം) രക്തം ചൊരിയുവാനാഗ്രഹിക്കയും ചെയ്താൽ അതെത്ര ദോഷകരമായ ഒരു കാര്യമെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു.

ഇതേ ഗൗരവത്തോടുകൂടിത്തന്നെ യെഹെസ്ക്കേൽ 22:9 ലും നാം പരദൂഷണത്തെപ്പറ്റി വായിക്കുന്നു. "രക്തം ചൊരിയേണ്ടതിന് ഏഷണി പറയുന്നവർ നിങ്കൽ ഉണ്ട്."ഏഷണി പറയുന്നവൻ രക്തം ചൊരിയുവാനാഗ്രഹിക്കുന്നവൻ തന്നെയെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. എന്നിട്ടും നാം ഈ പ്രവൃത്തി ന്യായീകരിക്കുവാനും നാം കുറ്റക്കാരല്ലെന്നു വരുത്തുവാനും ശ്രമിക്കുന്നു. ഹാ! അന്ധത എത്ര ഭയങ്കരം! പരദൂഷണം കൊലപാതകത്തോട് അടുത്തുനിൽക്കുന്ന പാതകം തന്നെ.

സങ്കീർത്തനം 101:5 "കൂട്ടുകാരനെക്കുറിച്ച് ഏഷണി പറയുന്നവനെ ഞാൻ നശിപ്പിക്കും." (ഇംഗ്ലീഷ് തർജ്ജമ: ഛേദിച്ചു കളയും) ഏറ്റവുമധികം ദോഷകരമായ ഒരു ദുശ്ശീലമാണിത്. അതിനാൽ പരമാവധി ഗൗരവ ബോധത്തോടെ നാം ഇതിനെ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു.

സങ്കീർത്തനം 50:19-22."നിന്റെ വായ് ദോഷത്തിനു വിട്ടുകൊടുക്കുന്നു നിന്റെ നാവ് വഞ്ചന പിണയ്ക്കുന്നു. നീ ഇരുന്ന് നിന്റെ സഹോദരനു വിരോധമായി സംസാരിക്കുന്നു; നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നപ്പോലെയുള്ളവനെന്നു നീ നിരൂപിച്ചു; എന്നാൽ ഞാൻ നിന്നെ ശാസിച്ച് നിന്റെ കണ്ണിനു മുമ്പിൽ അവയെ നിരത്തിവയ്ക്കും. ദൈവത്തെ മറക്കുന്നവരേ, ഇത് ഓർത്തുകൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും; വിടുവിപ്പാൻ ആരുമുണ്ടാകയില്ല"

ഹാ! ഇതിനെപ്പറ്റി ഏറ്റവും വലിയ ഒരു ഭയം ഓരോ സഹോദരന്റെയും സഹോദരിയുടെയും ഹൃദയത്തിലുണ്ടാകുകയും അത് ആയുഷ്കാലം മുഴുവൻ തുടരുകയും ചെയ്തെങ്കിൽ എത്ര നന്നായിരുന്നു!



# രക്ഷയില്ലെന്നു വരുമ്പോൾ

**1968**-ലെ നല്ല തെളിവുള്ള ഒരു ദിവസം. ഒരു യാത്രാവിമാനം ന്യൂയോർക്ക് നഗരത്തിലെ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ലാൻഡിംഗിനു തയാറെടുക്കുകയായിരുന്നു.

മഴയും മഞ്ഞുമൊന്നുമില്ലാത്ത ദിവസമായിരുന്നതുകൊണ്ട് സുഗമമായ ഒരു ലാൻഡിംഗ് പ്രതീക്ഷിച്ചാണ് വിമാനത്തിന്റെ പൈലറ്റ് ലാൻഡിംഗിന് ഒരുക്കങ്ങൾ തുടങ്ങിയത്. എന്നാൽ, വിമാനത്തിന്റെ ചക്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ അവ അനങ്ങാൻ വിസമ്മതിച്ചു.

ചകങ്ങൾ കൂടാതെ വിമാനം പറന്നിറങ്ങുന്നതിനെക്കുറിച്ചു ചിന്തിക്കുകതന്നെ അസാധ്യം. പൈലറ്റ് പെട്ടെന്നു കൺട്രോൾ ടവറുമായി ബന്ധപ്പെട്ടു വിദഗ്ധ സഹായം തേടി. പക്ഷേ, തനിക്കു ലഭിച്ച വിദഗ്ധ ഉപദേശത്തിന്റെ സഹായത്തോടെ പൈലറ്റ് എത്ര ശ്രമിച്ചിട്ടും ലാൻഡിംഗ് ഗിയറിന് അനക്കമില്ല.

അവസാനം, ചക്രത്തിന്റെ സഹായം കൂടാതെ വിമാനത്തിന്റെ പള്ളകുത്തി ലാൻഡ് ചെയ്യുവാൻ തീരുമാനമായി. അതിനുള്ള ഒരുക്കമായി റൺവേ മുഴുവൻ സാന്ദ്രത കൂടിയ നുര കൊണ്ടുനിറച്ചു. അതോടൊപ്പം അപകടം മുന്നിൽ കണ്ടുകൊണ്ടു ഫയർ എൻജിനുകളും മെഡിക്കൽ ടീമുകളും എത്തി.



വിമാനത്തിന്റെ ലാൻഡിംഗ് ഗിയറിനു പ്രശ്നമുണ്ടായപ്പോൾ പൈലറ്റ് യാത്രക്കാരെ അക്കാര്യം അറിയിച്ചു. അതുപോലെ, വിമാനം പള്ളകുത്തിയാണു ലാൻഡ് ചെയ്യാൻ പോകുന്നതെന്ന കാര്യവും പൈലറ്റ് അവരെ അറിയിച്ചു.

അതു കേട്ടപ്പോൾ തങ്ങളുടെ മരണം അടുത്തു എന്ന് യാത്രക്കാരെല്ലാം തീർച്ചപ്പെടുത്തി. അവരിൽ പലരും ഉറക്കെ നിലവിളിക്കാൻ തുടങ്ങി. ദൈവമേ, എനിക്കിങ്ങനെ സംഭവിച്ചല്ലോ! എന്നു വിലപിച്ചവരും ചുരുക്കമായിരുന്നില്ല.

വിമാനത്തിൽ കൂട്ടനിലവിളി ഉയരുമ്പോൾ നല്ല ഉറച്ച സ്വരത്തിൽ പൈലറ്റ് യാത്രക്കാരോട് ഇന്റർകോമിലുടെ ഇപ്രകാരം പറഞ്ഞു: നമ്മൾ ലാൻഡ് ചെയ്യുവാൻ പോവുകയാണ്. ജനീവയിൽ ഒപ്പിട്ട അന്താരാഷ്ട്ര ഏവിയേഷൻ ഉടമ്പടി അനുസരിച്ച് എന്റെ കടമയാണ്, നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ നിങ്ങൾ ഇപ്പോൾ പ്രാർഥിക്കാൻ തുടങ്ങണമെന്നു ഞാൻ നിങ്ങളോടു പറയണമെന്നുള്ളത്.

പൈലറ്റ് തന്റെ കടമയനുസരിച്ച്, യാത്രക്കാരോടു പ്രാർഥിക്കുവാൻ പറഞ്ഞു. യാത്രക്കാരെല്ലാവരും മുട്ടിപ്പായി പ്രാർഥിച്ചു. ദൈവാനുഗ്രഹത്താൽ വിമാനത്തിന്റെ ലാൻഡിംഗ് ആളപായംകുടാതെ നടന്നു. എന്നാൽ ഇവിടെ നാം കാണുന്നത് കാര്യസാധ്യത്തിനായുള്ള പ്രാർത്ഥനയാണ്. എന്നാൽ പ്രാർത്ഥന ദൈവവുമായുള്ള ഒരു സംസാരമാണ്. 1. തെസലോനിക്യർ 5:17 ൽ പറയുന്നു. "എപ്പോഴും പ്രാർത്ഥിക്കുവിൻ. ആത്മാവിൽ നിരന്തരമായി ഉയരുന്ന വികാരമായി പ്രാർത്ഥന മാറുന്നു. അതിന് ഇടവേളകളില്ല. രാത്രിയും പകലും, ഉറങ്ങുമ്പോഴും ഉണരുമ്പോഴും ഹൃദയത്തിന്റെ അഗാധങ്ങളിൽ സ്തുതിപ്പും ആരാധനയും ഉയർന്നുവരും. സ്രഷ്ടാവായ ദൈവത്തിനു മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് പ്രാർത്ഥനയെന്ന് വിശദീകരിക്കാറുണ്ട്. അടയ്ക്കപ്പെട്ട ഹൃദയങ്ങൾ ഇവിടെ തുറക്കപ്പെടുന്നു. ഇല കൊഴിഞ്ഞ മരം സൂര്യപ്രകാശത്തെ ഉൾക്കൊള്ളുന്നതുപോലെ സൃഷ്ടിയായ മനുഷ്യൻ സ്രഷ്ടാവിനെ ഉൾക്കൊള്ളുന്നു. സ്നേഹപൂർണ്ണമായ ഒരു പ്രത്യുത്തരത്തിലേക്ക് സാവധാനം നമ്മൾ പ്രവേശിക്കും. ഒരു വശത്തുനിന്നുള്ള സംസാരമല്ലത്. ദൈവത്തിന്റെ ഭാഗത്തുനിന്നും മനുഷ്യന്റെ ഭാഗത്തുനിന്നുമുള്ള സംഭാഷണമാണിവിടെ നടക്കുന്നത്. പരസ്പരം സംസാരിക്കുകയും ശ്രവിക്കുകയും ചെയ്യുന്ന ഒരു പ്രക്രിയ ആണിത്.

പ്രാർത്ഥന വെറുതെ ഒരു അധര വ്യായാമമല്ല. പ്രത്യേകരീതിയിലിരിക്കുന്നതോ, ദീർഘസമയം പ്രാർത്ഥനയിൽ ചെലവഴിക്കുന്നതോ, പ്രാർത്ഥന ഉരുവിടുന്ന രീതിയോ ഒന്നും പ്രശ്നമല്ല. ഒരു തൂണിൽ കെട്ടിയിട്ട വള്ളംപോലെ ചിലപ്പോൾ നമ്മൾ മാറിയേക്കാം. കെട്ടിയിട്ട വള്ളത്തിലിരുന്ന് എത്ര തുഴഞ്ഞാലും അതവിടെത്തന്നെ കിടക്കും. നമ്മിൽ ചിലരുടെ അവസ്ഥയും ഇതുതന്നെയാണ്. അധ്യാത്മിക അഭ്യാസങ്ങൾ പലതും ചെയ്യും പക്ഷേ ദൈവത്തിലേക്കടുക്കുന്നില്ല. സ്വയം ആത്മശോധന ചെയ്ത് കർത്താവിനെ കണ്ടെത്തുവാനുള്ള ഒരു കഠിനപരിശ്രമം പ്രാർത്ഥനാ ജീവിതത്തിന്റെ ഭാഗമാണ്. അനുദിന അധ്യാത്മിക ജീവിതത്തിലുണ്ടാകുന്ന പുരോഗതിയെ നാം വിലയിരുത്തണം. ദൈവസാന്നിധ്യത്തിലായിരിക്കുക എന്നത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. മത്തായി 28:20-ൽ പറയുന്നു; "യുഗാന്ത്യംവരെ ഞാൻ നിങ്ങളുടെ കൂടെയുണ്ടായിരിക്കും." നമ്മുടെ കൂടെയായിരിക്കുന്നവന്റെ കൂടെയുള്ള ഒരു യാത്രയാണ് പ്രാർത്ഥനാജീവിതം. നാം ചലിക്കേണ്ടതും ചരിക്കേണ്ടതും അവനിലാണ്. തിരുസന്നിധിയിലേക്കുള്ള യാത്രക്കാരായ നമ്മുടെ ചുവടുവയ്പുകൾ പ്രാർത്ഥനയിലൂടെ ഒരു പ്രദക്ഷിണമായി മാറേണ്ടതുണ്ട്.

പൂർണ്ണമായി ദൈവത്തിൽ ആശ്രയം വയ്ക്കുന്ന 'ദാസ-ദാസി' ഭാവത്തിൽ നാം എത്തിച്ചേരണം. 'ഇതാ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടംപോലെ എന്നിൽ നടക്കട്ടെ' എന്നു പറഞ്ഞ മറിയത്തിന്റെ അവസ്ഥയിൽ ഞാനെത്തണം. യെശയ്യാ 64:8-ൽ പറയുന്നതുപോലെ 'ഞാൻ കളിമണ്ണാണ്. നീ കുശവനാണ്. ഇപ്രകാരമുള്ള പൂർണ്ണ ദൈവാശ്രയ ബോധത്തിൽ പ്രാർത്ഥന നമ്മെ എത്തിക്കും. ഇവിടെ ഒരു കാര്യം ഞാൻ തിരിച്ചറിയണം. പ്രാർത്ഥിക്കുക എന്നത് എന്റെ ആവശ്യവും ഉത്തരവാദിത്വവും കടമയുമാണ്. എനിക്കുവേണ്ടിയും എന്റെ ചുറ്റുമുള്ള ലോകത്തിനുവേണ്ടിയും ഞാൻ പ്രാർത്ഥിക്കണം. പ്രാർത്ഥനയുടെ ശക്തിയിൽ ഞാൻ വളരണം

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി




എന്റെ ഒരു പഠനത്തിൽ വ്യക്തമായ കാര്യങ്ങളാണ് ഞാൻ താങ്കളുമായി പങ്കുവയ്ക്കുന്നത്. ബൈബിളിൽ ഏകസത്യദൈവമേയുള്ളൂ. മൂന്നു ദൈവങ്ങളില്ല. മൂന്നു ആളത്വങ്ങളോ മൂന്നു വ്യക്തിത്വങ്ങളോ ഇല്ല. അരാമിക്-ഹീബ്രു-ഗ്രീക്ക് ബൈബിളും വേദപണ്ഡിതന്മാരുടെ സഹായത്തോടെ പരിശോധിച്ചിട്ടുണ്ട്. പിന്നെ എങ്ങനെയാണ് ബൈബിളിൽ ഇല്ലാത്ത ത്രിത്വോപദേശം സഭയുടെ അടിസ്ഥാനപ്രമാണമായി നിലവിൽവന്നത്. ആദിമനൂറ്റാണ്ടിൽ ഇങ്ങനെയൊരു ഉപദേശം നിലവിൽ ഉണ്ടായിരുന്നോ? ത്രിത്വോപദേശം രൂപപ്പെട്ടതിന്റെ വ്യക്തമായ ഒരു ചരിത്രം പൊതുവായ അറിവിലേക്ക് നല്കാൻ സാധിക്കുമോ?

**ഡോ. സി. വി. പാപ്പച്ചൻ, പുന്നല, പിറവന്തൂർ, പുനലൂർ**



**വചനാനുസൃതം പരിശുദ്ധാത്മാവിനാൽ രൂപപ്പെട്ടതാണ് ത്രിത്വോപദേശം എന്നാണ് വിശ്വാസികൾ ആകെ ധരിച്ചുവച്ചിരിക്കുന്നത്. വചനത്തിൽ ത്രിത്വം എന്ന ഒരു വിഷയം ഇല്ലെന്നു മാത്രമല്ല, യേശുവോ, ശിഷ്യന്മാരോ അതേപ്പറ്റി യാതൊന്നും പറഞ്ഞിട്ടുമില്ല. വചനത്തോട് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യരുതെന്ന വ്യക്തമായ പ്രമാണത്തെ ലംഘിക്കുന്നതാണ് ത്രിത്വസിദ്ധാന്തം. കാരണം, മാനുഷീക തത്ത്വചിന്ത, ആശയങ്ങൾ അഭിപ്രായങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ് രൂപപ്പെട്ടതാണ് ത്രിത്വമെന്ന് ചരിത്രം പഠിക്കുന്ന ആർക്കും മനസിലാകും. സഭയുടെ ആരംഭത്തിലും തുടർന്നു വന്ന മൂന്നു നൂറ്റാണ്ടുകളിലും ഇല്ലാതിരുന്ന ഈ വിശ്വാസപ്രമാണം സഭയിൽ എങ്ങനെ കടന്നുകൂടി എന്നു നാം അറിയേണ്ടിയിരിക്കുന്നു. വ്യക്തവും കൃത്യവും ആധികാരികവും ചരിത്രപരവുമായ വിശദീകരണത്തിലൂടെ നമുക്ക് ത്രിത്വസിദ്ധാന്തം പരിശോധിക്കാം.**

ത്രിത്വസിദ്ധാന്തം ഉരുത്തിരിഞ്ഞത് സംവാദബഹുലമായ മൂന്നു നൂറ്റാണ്ടുകൾ കൊണ്ടാണ്. അപ്പസ്തോലിക കാലത്തിന് തൊട്ടുപിന്നാലെയുള്ള ദശകങ്ങളിലെ ക്രിസ്തീയ ചിന്തകന്മാരായ റോമായിലെ ക്ലെമെന്റ്, അന്ത്യോഖ്യയിലെ ഇഗ്നേഷ്യസ്, സ്മിർണയിലെ പോളിക്കാർപ്പ്, ഹെർമാസ് എന്നിവർ യേശുവിന്റെ ദൈവത്വം അംഗീകരിച്ചെങ്കിലും ത്രിത്വസിദ്ധാന്തം അംഗികരിച്ചിരുന്നില്ല.

പരിശുദ്ധാത്മാവ്, യേശുവിന്റെ ആത്മാവ് ആയല്ലാതെ, ഒരു പ്രത്യേക ആൾ എന്ന നിലയിൽ അവരുടെ ചിന്തയിൽ പ്രത്യക്ഷപ്പെടുന്നില്ല. തുടർന്നുവന്ന അരനൂറ്റാണ്ടു കാലത്ത് (ക്രി.വ.130–180) രക്തസാക്ഷി ജസ്റ്റിനും (Justin Martyr) മറ്റും ക്രിസ്തുമതത്തെ ഗ്രീക്ക് ചിന്തയിലെ വചനത്തിന്റെ സിദ്ധാന്തവുമായി (Doctrine of the Logos) സമരസപ്പെടുത്തി അവതരിപ്പിക്കാൻ ശ്രമിച്ചു. ക്രിസ്തുമതം ചിന്താദരിദ്രമാണെന്ന ആക്ഷേപത്തോട് പ്രതികരിക്കുക കൂടിയായിരുന്നു അവർ. ഇതുവഴി ജസ്റ്റിനും മറ്റും യേശുവിന്റെ വ്യതിരിക്തതക്കും ദൈവികത്വത്തിനും ഊന്നൽ കൊടുത്തെങ്കിലും അവരുടെ ചിന്തയിലെ ലോഗോസ് (Logos) സൃഷ്ടികൾക്കെല്ലാം മുൻപാണെങ്കിലും സൃഷ്ടിക്കപ്പെട്ടവൻ തന്നെയായിരുന്നു. ദൈവത്തിന്റെ മനസ്സിൽ ദൈവികജ്ഞാനമായി വേറിട്ടല്ലാതെ എന്നും ഉണ്ടായിരുന്ന പുത്രൻ സൃഷ്ടികർമ്മത്തിന് മുൻപ് വേറിട്ട് ആദ്യസൃഷ്ടിയായി പിതാവിൽ നിന്ന് ജന്മമെടുത്തുവെന്നാണ് ജസ്റ്റിന്റെ ശിഷ്യൻ തേഷൻ (Tatian) പറഞ്ഞത്. ഈ അഭിപ്രായം പിൽക്കാലത്ത് ആരിയനിസം എന്നു വിശേഷിക്കപ്പെട്ട നിലപാടിനോടാണ് ഒത്തുപോകുന്നത്.

ദൈവസങ്കല്പത്തെ വിവരിക്കാനായി ത്രിത്വം എന്ന് അർത്ഥം വരുന്ന ഗ്രീക്ക് പദം (Trias) ആദ്യമായി ഉപയോഗിച്ചത് ക്രി.പി. 180–നടുത്ത്, അന്ത്യോഖ്യയിലെ തിയോഫിലസ് ആണെന്ന് പറയപ്പെടുന്നു. ലത്തീനിൽ ദൈവത്തിലെ മൂന്നാളുകളെ ഉദ്ദേശിച്ച് ത്രിത്വം (Trinitas) എന്ന വാക്ക് ആദ്യമായുപയോഗിച്ചത് ഉത്തര ആഫ്രിക്കയിലെ കാർത്തേജിൽ ജീവിച്ചിരുന്ന തെർത്തുല്യൻ(Tertulian:160–230) ആണ്. അദ്ദേഹമാണ് പിതാവും പുത്രനും രണ്ട് വ്യത്യസ്ത ആളുകളാണെന്ന് അഭിപ്രായപ്പെട്ടത്. തെർത്തല്യന്റെ ത്രിത്വത്തിലുള്ളത് പിതാവും പിതാവിൽ നിന്ന് ജനിക്കുന്ന പുത്രനും പിതാവിൽ നിന്ന് പുത്രൻ വഴി പുറപ്പെടുന്ന പരിശുദ്ധാത്മാവും ആണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്നു ആളുകളെന്നതിന് പകരം, ഒരാൾ മാത്രമായ ദൈവത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ മാത്രമാണെന്ന് തെർത്തല്യന്റെ സമകാലീനനായ സാബെല്ലിയസ് വാദിച്ചിരുന്നു. സാബെല്ലിയനിസം എന്നറിയപ്പെട്ട ഈ വാദം, പിന്നീട് ആരിയൂസ് സ്വീകരിച്ച നിലപാടിനു നേർവിപരീതമായിരുന്നു. ഇതിനെ തെർത്തല്യൻ നിശിതമായി വിമർശിച്ചു.

ഏതാണ്ട് ഇതേകാലത്ത് തന്നെ ത്രിത്വസിദ്ധാന്തത്തിന്റെ വികസനത്തിൽ വലിയ സംഭാവന നൽകിയ പൗരസ്ത്യ സഭാചിന്തകനാണ് ഒരിജൻ(185–254). ത്രിത്വത്തിലെ ആളുകൾ മൂവരും അനാദികളാണെന്നും പിതാവിൽ നിന്ന് നിത്യതയിൽ ജനിച്ചവനാണ് പുത്രൻ എന്നും ഒരിജൻ വാദിച്ചു. ഒരിജന്റെ ഈ ആശയങ്ങളും, തെർത്തല്യന്റെ, തിത്വത്തിലെ 'ആളുകൾ', 'ഏകസത്ത' എന്നീ സങ്കല്പങ്ങളും പിന്നീട് ത്രിത്വസിദ്ധാന്തത്തിന്റെ അടിസ്ഥാന നിലപാടുകളായി മാറി. അതേസമയം, പിന്നീട് അംഗീകരിക്കപ്പെട്ട ത്രിത്വസങ്കല്പത്തിൽ നിന്ന് ഭിന്നമായി, അസമമായ സ്ഥാനക്രമങ്ങളുള്ള ത്രിത്വമായിരുന്നു അവരുടെ സങ്കല്പത്തിലേത്. ഇതനുസരിച്ച്, പിതാവിനൊപ്പം നിത്യതയിലേ ഉണ്ടായിരുന്നവരെങ്കിലും പിതാവിന് പിന്നിലായിരുന്നു മറ്റു രണ്ടാളുകളുടേയും സ്ഥാനം. ക്രി.വ. നാലാം നൂറ്റാണ്ട്, ത്രിത്വസിദ്ധാന്തത്തിന്റെ രൂപപ്പെടലിൽ നിർണ്ണായകമായിരുന്നു. 318–ൽ ഈജിപ്തിൽ അലക്സാൻഡ്രിയയിലെ ഒരു പുരോഹിതനായിരുന്ന ആരിയൂസെന്നയാൾ യേശുവും പിതാവുമായുള്ള ബന്ധത്തെക്കുറിച്ച് പ്രകടിപ്പിച്ച അഭിപ്രായങ്ങളെ അവിടത്തെ മെത്രാനായിരുന്ന അലക്സാണ്ടർ ചോദ്യം ചെയ്തതായിരുന്നു തുടക്കം. വചനമാകുന്ന ദൈവം ലോകാരംഭത്തിന് മുൻപ് ദൈവപിതാവിനാൽ സൃഷ്ടിക്കപ്പെട്ടവനാണെന്നും, പിതാവിന്റെ സൃഷ്ടിയാകയാൽ പുത്രൻ ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്നുമാണ് ആരിയൂസ് വാദിച്ചത്. റോമൻ ചക്രവർത്തി കോൺസ്റ്റന്റൈൻ, ക്രിസ്തുമതത്തിന് പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടുള്ള ക്രി.വ. 313–ലെ പ്രഖ്യാപനം (Edict of Milan) ഇറക്കി അധിക കാലം കഴിയുന്നതിനു മുൻപായിരുന്നു ഇത്. ക്രിസ്തുമതത്തിന്നുള്ളിലെ ഛിദ്രം സാമ്രാജ്യത്തിന്റെ തന്നെ ഭദ്രതയെ തകർത്തെങ്കിലോ എന്നു ഭയന്ന ചക്രവർത്തി, തർക്കം പരിഹരിക്കാനായി തന്റെ തലസ്ഥാനമായിരുന്ന കോൺസ്റ്റന്റിനോപ്പിളിനു സമീപം ബോസ്പോറസ് കടൽപ്പാതക്ക് മറുകരയുള്ള നിഖ്യായിൽ ക്രി.വ. 325–ൽ ക്രിസ്തുമത നേതാക്കന്മാരുടെ ഒരു സമ്മേളനം വിളിച്ചുചേർത്തു. ഏതാണ്ട് മുന്നൂറ് മെത്രാന്മാർ പങ്കെടുത്ത ഈ സമ്മേളനം, ഒന്നാം നിഖ്യാ സൂനഹദോസ് എന്ന പേരിൽ അറിയപ്പെടുന്നു. ഇരുപക്ഷത്തിനും സ്വീകാര്യമായ ഒരു സമവായം അംഗീകരിപ്പിച്ചെടുക്കാൻ സൂനഹദോസിൽ പങ്കെടുത്തിരുന്ന പ്രഖ്യാത സഭാചരിത്രകാരനായ കേസറിയായിലെ യൂസീബിയൂസും മറ്റും ശ്രമിച്ചെങ്കിലും വിജയിച്ചില്ല. യേശു പിതാവിനോടുകൂടി ഏകസത്ത(homoousios) യാണെന്നതിന് പകരം സമാനസത്ത(homoousios) ആണെന്നായിരുന്നു സൂനഹദോസ് തള്ളിയ സമവായത്തിന്റെ ചുരുക്കം. സൂനഹദോസ് ആരിയൂസിന്റെ നിലപാടിനെ ശപിച്ചുതള്ളുകയും യേശു പിതാവിനോടുകൂടി ഏക സത്ത(homoousios) യായിരിക്കുന്ന പുത്രനായ ദൈവമാണെന്ന നിലപാട് അംഗീകരിക്കുകയും ചെയ്തു. നിഖ്യായിൽ ആരിയൂസിന്റെ നിലപാടുകൾ തിരസ്കരിക്കപ്പെട്ടുവെന്നു തോന്നിയെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ആരിയനിസം സൂനഹദോസ് തള്ളിയ സമാനസത്താവാദം പോലെയുള്ള പുതിയ രൂപങ്ങളിൽ അവതരിക്കപ്പെടാൻ തുടങ്ങി. അക്കാലത്ത് കോൺസ്റ്റാന്റിനോപ്പിളിലും മറ്റും സാധാരണ ജനങ്ങളുടെ പോലും ചായ്വ് ആരിയൻ നിലപാടിനോടായിരുന്നുവെന്ന് നിസ്സായിലെ ഗ്രിഗറി സൂചിപ്പിക്കുന്നുണ്ട്: നിഖ്യാ സൂനഹദോസിൽ അലക്സാണ്ടറിന്റെ ശിഷ്യൻ അത്തനാസിയൂസ്, ഒരു ശെമ്മാശ്ശൻ മാത്രമായിരുന്നെങ്കിലും പങ്കെടുക്കുകയും പ്രത്യേകം ശ്രദ്ധിക്കപ്പെടുകയും ചെയ്തിരുന്നു. ആരിയനിസത്തെ അതിന്റെ എല്ലാ രൂപങ്ങളിലും എതിർക്കുന്നവരിൽ മുൻപനായി അത്തനാസിയൂസ് നിലകൊണ്ടു. അലക്സാണ്ടറിനെ പിന്തുടർന്ന് അത്തനാസിയൂസ് അലക്സാൻഡ്രിയയിലെ മെത്രാനായി. രാഷ്ട്രീയമായ താല്പര്യങ്ങൾക്കു മുൻതൂക്കം നൽകിയ കോൺസ്റ്റന്റൈനും പിൻഗാമികളും ആരിയനിസത്തോടുള്ള തങ്ങളുടെ നിലപാട് ഇടക്കിടെ മാറ്റിക്കൊണ്ടിരുന്നു.

കോൺസ്റ്റന്റൈനെത്തുടർന്ന് അധികാരത്തിൽ വന്ന ചക്രവർത്തിമാർ മിക്കവരും ആരിയൻ നിലപാടിനെ പിന്തുണക്കുന്നവരായിരുന്നു. ഇതുമൂലം, വിട്ടുവീഴ്ചയ്ക്ക് തയ്യാറല്ലായിരുന്ന അത്തനാസിയൂസിന് ഇടക്കിടെ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട് പ്രവാസജീവിതം നയിക്കേണ്ടിവന്നു. 336–ൽ ആരിയൂസും 373–ൽ അത്തനാസിയൂസും അന്തരിച്ചു. നിഖ്യായിലെ തീരുമാനങ്ങളിൽ ഉറച്ചുനിന്ന അത്തനാസിയൂസിനുശേഷം അദ്ദേഹത്തിന്റെ വിശ്വാസങ്ങൾ പ്രചരിപ്പിച്ചവരിൽ പ്രമുഖർ കേസറിയായിലെ ബാസിൽ അദ്ദേഹത്തിന്റെ സഹോദരൻ നിസ്സായിലെ ഗ്രിഗറി അവരുടെ സുഹൃത്തായിരുന്ന നസിയാൻസസിലെ ഗ്രിഗറി എന്നിവരുൾപ്പെട്ട കപ്പദോഖ്യൻ പിതാക്കന്മാരായിരുന്നു. നിഖ്യായിലെ തീരുമാനങ്ങളെ കൂടുതൽ സംസ്കൃതവും നിർവചിതമായ രൂപത്തിൽ അവതരിപ്പിച്ച് പിന്നീട് പരക്കെ സ്വീകരിക്കപ്പെട്ട ത്രിത്വസങ്കല്പത്തിന് വഴിതുറന്നത് ഇവരാണ്. നിഖ്യാ സൂനഹദോസ് അംഗീകരിച്ച വിശ്വാസപ്രമാണത്തിൽ ത്രിത്വത്തിലെ മൂന്ന് ആളുകളും പരാമർശിക്കപ്പെട്ടിരുന്നെങ്കിലും ആളുകൾ എന്ന അർത്ഥത്തിൽ പിന്നീട് വ്യാപകമായി ഉപയോഗിക്കപ്പെട്ട ഹൈപോസ്റ്റസ്(Hypostases) എന്ന ഗ്രീക്ക് പദത്തെ പലരും സത്ത എന്ന അർത്ഥം വരുന്ന ഔസിയ (Ousia) എന്നതിന്റെ പര്യായമായിട്ടാണ് എടുത്തത്. ഈ രണ്ടു വാക്കുകളുടേയും അർത്ഥം വ്യവച്ഛേദിച്ച്, ഏകസത്ത പങ്കിടുന്ന മൂന്നാളുകളടങ്ങുന്ന ത്രിത്വം എന്ന സങ്കല്പം ഉറപ്പിച്ചത് കപ്പദോഖ്യൻ പിതാക്കന്മാരാണ്. 379–ൽ ആരിയനിസത്തെ എതിർത്തിരുന്ന തിയോഡോഷ്യസ് ഒന്നാമൻ റോമാ ചക്രവർത്തിയായി. നിഖ്യാ അവശേഷിപ്പിച്ചതും നിഖ്യായ്ക്കു ശേഷമുണ്ടായതുമായ പ്രശ്നങ്ങൾ പരിഗണിക്കാനായി സഭാ നേതാക്കന്മാരുടെ ഒരു സമ്മേളനം അദ്ദേഹം 381–ൽ കോൺസ്റ്റാന്റിനോപ്പിളിൽ വിളിച്ചുകൂട്ടി. 150–ഓളം മെത്രാന്മാർ ചേർന്ന ആ സൂനഹദോസിൽ കപ്പദോഖ്യൻ പിതാക്കന്മാരായ നിസ്സായിലേയും നസിയാൻസസിലേയും ഗ്രിഗറിമാർ പ്രധാന പങ്കുവഹിച്ചു. സൂനഹദോസ് കൂടുതൽ വ്യക്തവും സമഗ്രവുമായ ഒരു വിശ്വാസപ്രമാണം അംഗീകരിച്ചു. ത്രിത്വത്തിലെ 'ആളുകൾ' എന്ന സങ്കല്പത്തിൽ അത് പ്രത്യേകം ഊന്നൽ നൽകി. ആദ്യത്തെ രണ്ട് ആളുകളായ പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള തർക്കങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകമൂലം, നിഖ്യാ സൂനഹദോസ്, ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിന് വലിയ പ്രാധാന്യം നൽകാതെയാണ് പരാമർശിച്ചിരുന്നത്. കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിനു ശേഷവും ത്രിത്വസിദ്ധാന്തത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ തുടർന്നു. ഇക്കാലഘട്ടത്തിലെ ഏറ്റവും പ്രധാന സംഭാവന ആദ്യ സഹസ്രാബ്ദത്തിലെ ഏറ്റവും വലിയ ക്രൈസ്തവചിന്തകനും ദൈവശാസ്ത്രജ്ഞനും ആയിരുന്ന ഹിപ്പോയിലെ അഗസ്റ്റിന്റേതാണെന്നു പറയാം. അഗസ്റ്റിന്റെ മുഖ്യഗ്രന്ഥങ്ങളിലൊന്ന് തിത്വത്തെക്കുറിച്ചായിരുന്നു (De Trinitate). (തുടരും)

'സത്യം മാത്രം വിശ്വസിക്കുകയും നിത്യമായതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നവരാകണം ക്രിസ്ത്യാനികൾ'

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Oct: 2022 at RMS Kayamkulam
Published on Ist Oct: 2022
RNI Registered No. KERMAL/2002/7361

# ഉരുണ്ടതോ? പരന്നതോ?



'ഭൂമി ഉരുണ്ടതാണെ'ന്നു സ്കൂളിൽനിന്നു നോട്ടെഴുതികൊണ്ടുവന്ന ബാലൻ വീട്ടിൽ വച്ച് അത് ഉച്ചത്തിൽ വായിക്കുകയായിരുന്നു. അത് കേട്ടപ്പോൾ അവന്റെ വിദ്യാവിഹീനനായ പിതാവിനു ദേഷ്യം വന്നു. ഭൂമി നീണ്ടു പരന്നല്ലേ കിടക്കുന്നത് അത് ഉരുണ്ടതാണെന്ന 'മണ്ടത്തരം' മകൻ പഠിക്കുന്നത് പിതാവിനു സഹിച്ചില്ല. അതുകൊണ്ട് 'ഭൂമി ഉരുണ്ടതാണെ'ന്നുള്ളതു വേഗം മായിച്ച് 'ഭൂമി പരന്നുതാണെ'ന്നു ബുക്കിൽ എഴുതാൻ പിതാവ് ആജ്ഞാപിച്ചു.

ബാലൻ ആകെ ധർമസങ്കടത്തിലായി. ഭൂമിശാസ്ത്രം പഠിപ്പിക്കുന്ന അദ്ധ്യാപകനെയും ഭൂമി പരന്നതാണെന്നു ശഠിക്കുന്ന പിതാവിനെയും പിണക്കാൻ കഴിയാതെ അവൻ കുഴങ്ങി. ഒടുവിൽ വളരെ നേരം ആലോചിച്ചിട്ട് അവൻ ഇങ്ങനെ എഴുതി 'സ്കൂളിൽ ചെല്ലുമ്പോൾ ഭൂമി ഉരുണ്ടതും വീട്ടിൽ വരുമ്പോൾ ഭൂമി പരന്നതും ആണ്.

ഇതുപോലെയാണു പലരുടേയും വിശ്വാസജീവിതം. സഭാകൂടിവരവുകളിൽ ഒരു വിധം, പ്രായോഗികജീവിതത്തിൽ മറ്റൊരുവിധം!

# കടയിൽ പോകാൻ ശാസ്ത്രജ്ഞൻ!

സൂപ്പർ കംപ്യൂട്ടറുകൾ നിർമ്മിക്കുന്ന സ്ഥാപനമായിരുന്നു തിങ്കിങ് മെഷീൻസ്. ഡാനിയൽ ഹില്ലിസ് എന്ന കംപ്യൂട്ടർ വിദഗ്ധനാണ് അതു സ്ഥാപിച്ചത്. ഒരിക്കൽ, ലോകപ്രശസ്തനായ ഒരു ശാസ്ത്രജ്ഞനെ ഹില്ലിസ് തന്റെ കമ്പനിയിലേക്ക് ക്ഷണിച്ചു. റിച്ചാഡ് ഫെയ്ൻമാൻ ആയിരുന്നു ആ ശാസ്ത്രജ്ഞൻ. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രതിഭാശാലിയായ ശാസ്ത്രജ്ഞരിൽ ഒരാൾ. 1965 ലെ നൊബേൽ ജേതാവ്!

ഒരു കംപ്യൂട്ടർ രൂപകല്പന ചെയ്യുന്നതിനിടെ വിദഗ്ധോപദേശത്തിനു വേണ്ടിയാണ് ഹില്ലിസ് ഫെയ്ൻമാനെ വിളിച്ചത്. അങ്ങനെ ഫെയ്ൻമാൻ ആദ്യദിവസം ജോലിക്ക് എത്തി.

"പറയൂ... എന്താണ് എന്റെ ജോലി?" ഫെയ്ൻമാൻ ചോദിച്ചു.

സ്ഥാപനത്തിലെ അധികൃതർ കുഴങ്ങി. കാരണം, അദ്ദേഹത്തെ ഏല്പ്പിക്കാനുള്ള ജോലി തയ്യാറായിട്ടില്ല. പക്ഷേ, മഹാശാസ്ത്രജ്ഞനാണ് വന്നിരിക്കുന്നത്. ജോലി റെഡിയായിട്ടില്ലെന്നു പറയാൻ പറ്റുമോ?

ഒടുവിൽ അവർ ഒരു വഴി കണ്ടെത്തി. കുഴപ്പം പിടിച്ച ഒരു കണക്ക് ഫെയ്ൻമാന് ഇട്ടുകൊടുത്തു. "സർ, ഇതു ചെയ്തുകൊണ്ട് തുടങ്ങാം."

ബുദ്ധിമാനായ ഫെയ്ൻമാൻ ഉടൻ പറഞ്ഞു: "ഇതൊരു തട്ടിപ്പുജോലിയാണല്ലോ. ശരിക്കും ചെയ്യാനുള്ള എന്തെങ്കിലും തരൂ."

ഒടുവിൽ അദ്ദേഹത്തിന് അന്നത്തേക്ക് ഒരു ജോലി അവർ കൊടുത്തു. തൊട്ടടുത്ത കടയിൽ പോയി ഓഫീസിലേക്കുള്ള ചില സാധനങ്ങൾ വാങ്ങുക! സന്തോഷത്തോടെ, വളരെ ആസ്വദിച്ച് ഫെയ്ൻമാൻ അതു ചെയ്തു!

തുടർന്നുള്ള ദിവസങ്ങളിലും, കാര്യമായൊന്നും ചെയ്യാനില്ലാത്തപ്പോൾ ഫെയ്ൻമാൻ മറ്റു ജോലികൾ കണ്ടെത്തുമായിരുന്നു. ഓഫീസിലെ ഭിത്തിക്കു പെയിന്റടിക്കുന്ന ജോലി വരെ അദ്ദേഹം ചെയ്തു.



ചെയ്യുന്നത് എന്തായാലും അത് ആസ്വദിച്ച് ചെയ്യുക എന്നതായിരുന്നു ഫെയ്ൻമാന്റെ വിജയരഹസ്യം!

## കുത്തഴിഞ്ഞ ജീവിതം

മേശമേൽ ചെളിപുരണ്ട് മുഷിഞ്ഞുകിടന്നിരുന്ന ഒരു പുസ്തകം അയാളുടെ ശ്രദ്ധയിൽ പെട്ടു. പാപജീവിതം നയിച്ചിരുന്ന തനിക്ക് ഒരു വഴിയോര സുവിശേഷകൻ സമ്മാനിച്ചതായിരുന്നു ആ പുസ്തകം. ആത്മീയ ജീവിതത്തിന് പ്രേരണ നല്കിയ പുസ്തകം. ഒന്നുമില്ലായ്മയിൽ നിന്നു തന്നെ ഇന്ന് അത് എവിടെക്കൊണ്ടെത്തിച്ചിരിക്കുന്നു. അധികാരവും പണവും, മാനുഷിക ബഹുമാനവും ലഭിക്കാൻ കാരണമായ ആ പുസ്തകം ഒരിക്കൽകൂടി വായിക്കാനായി തുറന്നപ്പോൾ കിട്ടിയ ആദ്യ അദ്ധ്യായത്തിലെ തലക്കെട്ട് "കുത്തഴിഞ്ഞ ജീവിതം" വായിച്ചതും അയാൾ വിഷമവൃത്തത്തിലായി.




☺ചരിത്രം വഴിമാറി യേശു വന്നപ്പോൾ എന്ന കാഴ്ചപ്പാട് ശരിയോ തെറ്റോ?

തോമസ് മാത്തൻ, ഇളമ്പൽ, കോട്ടവട്ടം, കൊല്ലം

☹ ***ചരിത്രം യേശുവിന് മുൻപും പിൻപും എന്നായി മാറി. തിന്മ നന്മയ്ക്കു മുൻപിൽ വഴിമാറി.***

☺പതിനൊന്നുകാരിയെ കാണാൻ പതിനാറുകാരൻ തിരുവനന്തപുരത്തുനിന്ന് കണ്ണൂരിലെത്തി. ഇതിനെ എങ്ങനെ വിലയിരുത്താം?

ജീനാ ചാർളി, കുമ്മണ്ണൂർ, മുളന്തറ, കോന്നി

☹***കെ. റെയിലിന്റെ സാധ്യതയാണ് വിലയിരുത്തേണ്ടത്.***

☺ഭരണഘടനയിൽ തൊട്ട് സത്യം ചെയ്യുക. പിന്നെ അതിനെ തള്ളിപ്പറയുക. എന്തുപറയുന്നു?

ജോയമ്മ രാജൻ, ആല, പേരിശേരി, ചെമ്മണ്ണൂർ

☹ ***ഒരു ജീവിതം തന്ന ദൈവത്തെ അതേ ജീവിതം കൊണ്ട് ക്രൂശിക്കുകയും, വിറ്റ് കാശാക്കുകയും ചെയ്യുന്നതിനെക്കുറിച്ച് ചിന്തിച്ചാൽ പോരേ.***

☺ആത്മീയത നേരിടുന്ന ദഹനക്കേടിനു കാരണം?

ജോമോൻ ബേബി, മേക്കൊഴൂർ, മൈലപ്ര, പത്തനതിട്ട

☹***നേരില്ലാത്ത ഭാഷണം***

☺ആർത്തി മൂത്ത അത്യാഗ്രഹി രോഗശാന്തിയും പ്രവചനവുമായി ഇറങ്ങിയാൽ.

എബി ഫിലിപ്പ്, ചിറ്റാർ, ആനപ്പാറ, വിതുര

☹***സമൃദ്ധിയായി അനുഗ്രഹിക്കപ്പെടും.***

☺സത്യത്തിൽ വിശ്വാസികൾ ദൈവത്തോടൊപ്പമോ, അതോ മാമോനോടൊപ്പമോ.

ജസ്സി സാമുവേൽ, പൂവം, പള്ളിവയൽ, കണ്ണൂർ

☹***ആരായാലും കുഴപ്പമില്ല. കാശുകിട്ടണം, കാര്യം നടക്കണം.***

☺ ആത്മീയത പ്രസംഗിക്കുന്നവർ ലോകമനുഷ്യരെപ്പോലെ ജീവിക്കുന്നതിനു കാരണം.


സാബു പോൾ, വെള്ളംകല്ലൂർ, ഇരിങ്ങാലക്കുട, തൃശൂർ

☹ ***ആത്മീയം പ്രസംഗിക്കുന്നതുകൊണ്ടാണ് അവർക്ക് ലോകപ്രകാരം ജീവിക്കാൻ കഴിയുന്നത്.***



# ജൊഹാൻസ് ഗുട്ടൻബർഗ്

അച്ചടി യന്ത്രത്തിന്റെ സഹായത്തോടെ പുറത്തിറക്കിയ ആദ്യ സമ്പൂർണ്ണ പുസ്തകം എന്ന റിക്കാർഡ് ജൊഹാൻസ് ഗുട്ടൻബർഗിനാണ് (Johannes Gutenberg), അദ്ദേഹം ജർമൻകാരനാണ്. അച്ചടിച്ച ബൈബിളിന്റെ പേരിലാണ് ഈ നേട്ടം കൈവരിച്ചത്. അച്ച് നിരത്തി അച്ചടിക്കാവുന്ന തരം യന്ത്രം (Mechanical Movable Type Printing Press) കണ്ടുപിടിച്ച ഗുട്ടൻബർഗ് ആ വിദ്യ ഉപയോഗിച്ചാണ് ബൈബിൾ അച്ചടിച്ചത്. അച്ചടിക്കപ്പെട്ട ആദ്യ ബൈബിൾ എന്ന റെക്കോർഡും ആ ബൈബിളിനു സ്വന്തമായി. 1455-ൽ അദ്ദേഹം അതു അച്ചടിച്ച് വില്പനയ്ക്കെത്തിച്ചു. ഇന്നിപ്പോൾ ലോകത്ത് അവശേഷിക്കുന്ന ഗുട്ടൻബർഗ് ബൈബിളിന്റെ 48 കോപ്പികളുള്ളതായി കണക്കാക്കപ്പെടുന്നു. അതിൽ രണ്ടെണ്ണം ബിട്ടീഷ് ലൈബ്രറിയിലുണ്ട്. ഗുട്ടൻബർഗിനും നൂറ്റാണ്ടുകൾക്കു മുമ്പ്



ചൈനക്കാർ അച്ചടിവിദ്യ കണ്ടെത്തിയിരുന്നതായി ചരിത്രരേഖകൾ പറയുന്നു.




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally